# G.H.S.S.PANAMARAM



# e-മഷി

## ഡിജിറ്റൽ മാഗസിൻ

little KITEs

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# E-മഷിക്കുപിന്നിൽ................

എഡിറ്റർ :ശ്രീരാഗ്.കെ

എഡിറ്ററിയൽ ബോഡ് അംഗങ്ങൾ :നിസാം

:ആദിൽ മുഹമ്മദ്

:അഭിജിത്ത്.ജെ

:ദേവാനന്ദ്

:ദാനിഷ്

:അജിനാസ്

:മിദ് ലാജ്

:യാസീൻ സി.പി

എഡിറ്ററിയൽ ബോർഡ് അധ്യാപകർ:ജോഷി കെ ജോസഫ് (പ്രധാന  അധ്യാപകൻ)

:പ്രിയ ഇ.വി

:സുജാത പി.കെ

:സനൽ പി.സി

:ദീപ പി.കെ

:ജോസ് പൗലോസ്

:മറ്റ് അധ്യാപക വിദ്യാർത്ഥി സുഹൃത്തുക്കൾ

## എഡിറ്റർ



# എന്റെ വിദ്യാലയം

1912–ൽ എൽ.പി വിഭാഗത്തിൽ പ്രവർത്തനം ആരംഭിച്ച പനമരത്ത് സ്ഥിതിചെയ്യുന്ന ചരിത്ര വൈവിധ്യം ഉറങ്ങിക്കിടക്കുന്ന ഒരു വിദ്യാലയമാണ് ഞങ്ങളുടെ വിദ്യാലയം. ഇത് പിന്നീട് 1957–ൽ ഉന്നതതല വിദ്യാഭ്യാസ രംഗത്തേക്കുയർന്നു.1912–ൽ ബ്രിട്ടീഷ് കോട്ടകൾ നിലനിന്നിരുന്ന ഇവിടം കോട്ടക്കുന്ന് എന്ന് അറിയപ്പെടുന്നു.ഇന്ന് ഇവിടെ



S.P.C,J.R.C,LITTLE KITES, കായികരംഗം ഉയർത്തുന്നതിനായുള്ള പദ്ധതികളായ KICK OFF,വനിതാ ഫുട്ബോൾ പരിശീലനം,കളരി,കരാത്തെ ഇവ നടപ്പിലാക്കിവരുന്നു. ഏറ്റവുമധികം ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിച്ചു വരുന്നു. ഒട്ടുമിക്ക എല്ലാ ക്ലാസുകളും ഉന്നതനിലവാരത്തിലെത്തി.2000–വിദ്യാർത്ഥികളും 70–ൽ അധികം അധ്യാപകരും ഈ വിദ്യാലയത്തിൽ ഉണ്ട്.മരങ്ങളും,സസ്യങ്ങളും കൊണ്ട് നിറഞ്ഞതാണ് ഞങ്ങളുടെ വിദ്യാലയം.ലിറ്റിൽ കൈറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.

**ജോഷി കെ ജോസഫ് (പ്രധാന അധ്യാപകൻ)**

# ആമുഖം

പ്രിയ കൂട്ടുകാരെ,

വ്യക്തിക്ക് പുസ്തകത്തോടും വായനയോടുമുള്ള ബന്ധമാണ് വായനയുടെ പഠനമേഖല നമ്മുടെ അറിവിന്റെയും വിദ്യാഭ്യാസത്തിന്റെയും പിറവിക്ക് നിദാനം. നിരവധി മനുഷ്യരുടെ സാഹിത്യകൃതികളും സമാഹാരങ്ങളും തന്നെയാണ് വായനയുടെയും കൃതികളുടെയും നിലനിൽപ്പിനും വായനയ്ക്ക് ശക്തി വർദ്ധിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ഈ പതിപ്പിലൂടെ ഉദ്ദേശിക്കുന്നത്. ഉത്തമ വിദ്യാർത്ഥി വിദ്യാർത്ഥിനികൾ ആയി വളരാനുള്ള ഒരു പഠന ലക്ഷ്യം ആണ് ഞങ്ങൾ ഇതിലൂടെ ഉദ്ദേശിക്കുന്നത്.

അറിവും മനോഭാവവും നൈപുണികളും വികസിപ്പിക്കാൻ ഈ പഠനം ഉപകരിച്ചു.

ഈ മേഖലയിൽ കൂടുതൽ അന്വേഷണം നടത്താനും പുരോഗതിക്ക് വേണ്ടി ക്രിയാത്മകമായി പ്രവർത്തിക്കാനും സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

കളിച്ചും ചിരിച്ചും പ്രകൃതിയെ കൊന്നും നടന്ന കാലത്ത് പ്രകൃതി തിരിച്ചടിക്കുമെന്ന് നാം ഓർത്തില്ല. എന്നാൽ ഇന്ന് അതിനെ കുറിച്ചോർത്ത് ദുഃഖിക്കുന്നു. ഒരുപാട് പേരുടെ അധ്വാനവും പ്രയത്നവും കൊണ്ട് നാം വീണ്ടും അതിജീവനത്തിന്റെ പാതയിൽ മുന്നേറുന്നു.

'ഇനിഇത് വരാതിരിക്കാൻ കൈകോർക്കാം
ഒരുമിച്ച് നാം ഒന്നായി'

സ്നേഹാശംസകളോടെ



**LITTLE KITES UNIT**

എഡിറ്റർ
ശ്രീരാഗ്.കെ

# താളുകളിലൂടെ


*സ്ലേറ്റ് പെൻസിൽ .4

*വായനാക്കുറിപ്പ് .5

*ജീവചരിത്രം .14

*poem .16

*ജീവചരിത്രം .19

*ശലഭമേ.............. .20

*കാലമോ തിരികെതരു നീ എൻ ബാല്യം .21

*ജീവചരിത്രം .22

*പ്രളയം .23

*ജീവചരിത്രം .24

*കവിത .25

*ജീവചരിത്രം .26

*കവിത .27

* കാർട്ടൂൺ .29

*painting .30

*കവിത .30-35

*അവതരണം .36

*വായനാക്കുറിപ്പ് .37

*ഉപന്യാസം .41-50

*ജീവചരിത്രം .51

*കവിത .51-53

*छिप छिप अश्रु बहाने वहालो। .54

*ജീവചരിത്രം .55

*नगे पैर .56

*കവിത .57-59

*poster .60-62

*എന്റെ വിദ്യാലയം .63-66

*കവിത .67-71

*കവിത ശേഖരണം .71-86

*

*

# സ്ലേറ്റ്-പെൻസിൽ

കുട്ടനും കുട്ടന്റെ അമ്മയും അച്ഛനും അടങ്ങുന്ന ഒരു ചെറിയ കുടുംബമാണ്. ദാരിദ്ര്യവും സങ്കടവും നിറഞ്ഞ ഒരു കുടുംബം. കുട്ടൻ നാലാംക്ലാസിൽ പഠിക്കുകയായിരുന്നു. പഠിക്കാൻ മിടുക്കനായിരുന്നു  കുട്ടൻ    അധ്യാപകരുടെ പ്രിയ ശിഷ്യനായിരുന്നു കുട്ടൻ.   പക്ഷേ അവന് പഠിക്കാനുള്ളത് ഒരു പൊട്ടിയ സ്ലേറ്റ് ആയിരുന്നു. അവന്റെ അച്ഛൻ ഒരു ആക്രിപെറുക്കുന്ന ആളായിരുന്നു. അങ്ങനെ കുട്ടന് കിട്ടിയതാണ് ഈ സേറ്റ്. ടീച്ചർമാർ ബോർഡിൽ എഴുതുന്ന ഒരു കഷ്ണം ചോക്കിന്റെ ബാക്കി എടുത്തായിരുന്നു കുട്ടൻ  എഴുതി പഠിച്ചത്. സ്ലേറ്റ്-പെൻസിൽ വാങ്ങാനുള്ള പണം പോലും അവന്റെ അച്ഛന്റെ കയ്യിൽ ഉണ്ടായിരുന്നില്ല. ക്ലാസ്സിലെ കുട്ടികൾ ബാഗും കുടയും വാങ്ങുമ്പോൾ അവൻ ഒരു കവറിൽ പാഠപുസ്തകവും പൊതിഞ്ഞു മാറോടുചേർത്തു നടന്നു പോവുമായിരുന്നു .അവന്റെ ഷർട്ടിന്റെ പൊക്കറ്റിൽ  ഒരു കഷ്ണം ചോക്കുണ്ടായിരുന്നു അവൻ അതിന്റെ കാര്യം മറന്നു പോയിരുന്നു. കുട്ടൻ വീട്ടിലെത്തിയപ്പോൾ അമ്മ അപ്പവും ചായയും എടുത്തു വച്ചിരുന്നു. ഞാൻ ആകെ നനഞ്ഞിരുന്നു ഞാൻ ചായ കുടിച്ചു അമ്പലത്തിലെ പാട്ടു കേട്ടപ്പോൾ അച്ഛൻ വന്നു.കുട്ടൻ പഠിക്കാൻ ഒരുങ്ങിയിരുന്നു അപ്പോഴാണ് ഞാൻ ചോക്കിന്റെ കാര്യം ഓർക്കുന്നത് ചോക്ക് ആകെ നനഞ്ഞിരുന്നു എഴുതാൻ പറ്റുന്നില്ല അപ്പോൾ അമ്മ വന്നു അമ്മ പറഞ്ഞു മോനെ പഠിക്ക് എന്ന്. ഞാൻ ചോക്ക്കാണിച്ചിട്ട് പറഞ്ഞു അമ്മേ എന്റെ ചോക്ക് നനഞ്ഞുപോയി.ഇനി ഞാൻ എങ്ങനെ പഠിക്കും കുട്ടൻ കരഞ്ഞു പറഞ്ഞു സാരമില്ല നമുക്ക് വിധിച്ചിട്ടില്ല എങ്ങനെയെങ്കിലും ഓടിച്ചെന്ന് അച്ചനോട് പറഞ്ഞു അച്ഛാ എനിക്ക് ഒരു സ്ലേറ്റ് പെൻസിൽ വാങ്ങി തരുമോ എനിക്ക് പഠിക്കാൻ.ചോക്ക് നനഞ്ഞുപോയി അതുകൊണ്ട് വാങ്ങി തരുമോ നിരാശയോടെ മുഖത്തുനോക്കി അമ്മ കാണുന്നുണ്ടായിരുന്നുഅമ്മയുടെ അസുഖത്തിന് അച്ഛൻ കൊടുത്ത ആകാശത്തിനു കൊടുത്തപ്പോൾ അച്ഛൻ അമ്മയുടെ മുഖത്തേക്ക് നോക്കിഅപ്പോഴും തീർത്താൽ തീരാത്ത സങ്കടവുമായി അമ്മ

**Sreerag.k**

## വായനാക്കുറിപ്പ്

**നിസാം**

### ഇന്ദുലേഖ

**രചന:ഒ. ചന്തുമേനോൻ**



***മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൃതിയാണ് ഒ. ചന്തുമേനോന്റെ ഇന്ദുലേഖ. നായർ-നമ്പൂതിരി സമുദായങ്ങളിലെ മരുമക്കത്തായവും, ജാതി വ്യവസ്ഥയും നമ്പൂതിരിമാർ പല വേളികൾ കഴിക്കുന്ന സമ്പ്രദായവും അന്നത്തെ നായർ സമുദായച്യുതിയും ഇന്ദുലേഖയുടെയും മാധവന്റെയും പ്രണയകഥയിലൂടെ ചന്തുമേനോൻ അവതരിപ്പിക്കുന്നു.***

**1886 ഒടുവിൽ കോഴിക്കോട്ടു വിട്ടുമുതൽ ഞാൻ ഇംക്ലീഷ് നോവൽപുസ്തകങ്ങൾ അധികമായി വായിപ്പാൻ തുടങ്ങി. ഗവർമ്മെണ്ട് ഉദ്യോഗമൂലമായ പ്രവൃത്തി ഇല്ലാതെ വീട്ടിൽ സ്വസ്ഥമായി ഇരിക്കുന്ന എല്ലാ സമയത്തും നോവൽവായനകൊണ്ടു തന്നെ കാലക്ഷേപമായി. ഇതു നിമിത്തം സാധാരണ ഞാനുമായി സംസാരിച്ചു വിനോദിച്ചു സമയം കഴിക്കുന്ന എന്റെ ചില പ്രിയപ്പെട്ട ആളുകൾക്കു കുറെ കുണ്ഠിതം ഉണ്ടായതായി കാണപ്പെട്ടു. അതുകൊണ്ടു ഞാൻ നോവൽവായനയെ ഒട്ടും ചുരുക്കിയില്ലെങ്കിലും ഇവരുടെ പരിഭവം വേറെ വല്ലവിധത്തിലും തീർക്കാൻ കഴിയുമോ എന്നു ശ്രമിച്ചു. ആ ശ്രമങ്ങളിൽ ഒന്ന് ചില നോവൽബുക്കു വായിച്ചു കഥയുടെ സാരം ഇവരെ**

മലയാളത്തിൽ തർജ്ജമചെയ്ത ഗ്രഹിപ്പിക്കുന്നതായിരുന്നു. രണ്ടുമൂന്നു നോവൽബുക്കുകൾ അവിടവിടെ ഇങ്ങിനെ തർജ്ജമചെയ്ത പറഞ്ഞുകേട്ടതിൽ ഇവർ അത്ര രസിച്ചതായി കാണപ്പെട്ടില്ല. ഒടുവിൽ ദൈവഗത്യാ ലോർഡ് ബീൻസ് ഫീൽഡ് ഉണ്ടാക്കിയ 'ഹെൻറിയിട്ട് ടെംപൾ' എന്ന നോവൽ ഇവരിൽ ഒരാൾക്കു രസിച്ചു. അതുമുതൽ ആ ആൾക്കു നോവൽ വായിച്ചു കേൾക്കാൻ ബഹുതാൽപര്യം തുടങ്ങി. ക്രമേണ കലശലായിത്തീർന്നു. തർജ്ജമ പറഞ്ഞുകേൾക്കേണമെന്നുള്ള തിരക്കിനാൽ എനിക്കു സ്വൈരമായി ഒരു ബുക്കും വായിപ്പാൻ പലപ്പോഴും നിവൃത്തിയില്ലാതെ ആയിവന്നു. ചിലപ്പോൾ വല്ല 'ലോബുക്കും' താനെ ഇരുന്നു വായിക്കുമ്പോൾക്കൂടി അതു "നോവൽ ആണ്, തർജ്ജമ പറയണം," എന്നു പറഞ്ഞു ശാഠ്യം തുടങ്ങി. ഏതെങ്കിലും, മുമ്പുണ്ടായിരുന്ന പരിഭവം തീർക്കാൻ ശ്രമിച്ചതു വലിയ തരക്കേടായിത്തീർന്നു എന്ന് എനിക്കുതന്നെ തോന്നി. ഒടുവിൽ ഞാൻ മേൽപറഞ്ഞ ബീ ൻസ് ഫീൽഡിന്റെ നോവൽ ഒന്നു തർജ്ജമ ചെയ്ത് എഴുതിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. ഇതിന് ഞാൻ ആദ്യത്തിൽ സമ്മതിച്ചു. പിന്നെ കുറെ തർജ്ജമചെയ്തുനോക്കിയപ്പോൾ അങ്ങനെ തർജ്ജമചെയ്യുന്നതു കേവലം നിഷ്പ്രയോജനമാണെന്ന് എനിക്കു തോന്നി. ഇംക്ലീഷ് അറിഞ്ഞുകൂടാത്ത, എന്റെ ഇഷ്ടജനങ്ങളെ ഒരു ഇംക്ലീഷ് നോവൽ വായിച്ചു തർജ്ജമയാക്കി പറഞ്ഞ് ഒരുവിധം ശരിയായി മനസ്സിലാക്കാൻ അത്ര പ്രയാസമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ തർജ്ജമയായി എഴുതി കഥയെ ശരിയായി ഇവരെ മനസ്സിലാക്കാൻ കേവലം അസാദ്ധ്യമാണെന്ന് എന്നു ഞാൻ വിചാരിക്കുന്നു. തർജ്ജമയായി എഴുതിയതു വായിക്കുമ്പോൾ ആ എഴുതിയതു മാത്രമേ മനസ്സിലാകയുള്ളൂ. അതു കൊണ്ടു മതിയാകയില്ല. ഇംക്ലീഷിന്റെ ശരിയായ അർത്ഥം അപ്പപ്പോൾ തർജ്ജമയായി പറഞ്ഞു മനസ്സിലാക്കുന്നതാണെങ്കിൽ ഓരോ സംഗതി തർജ്ജമചെയ്ത പറയുന്നതോടുകൂടി അതിന്റെ വിവരണങ്ങൾ പലേ ഉപസംഗതികളെക്കൊണ്ട് ഉദാഹരിച്ചും വാക്കുകളുടെ ഉച്ചാരണഭേദങ്ങൾകൊണ്ടും ഭാവംകൊണ്ടും മറ്റും കഥയുടെ സാരം ഒരുവിധം ശരിയായി അറിയിപ്പാൻ സാധിക്കുന്നതാണ്. അങ്ങിനെയുള്ള വിവരണങ്ങളും പരിഭാഷകളും ഉപസംഗതികളും മറ്റും നേർതർജ്ജമയായി എഴുതുന്നതിൽ ചേർത്താൽ ആകപ്പാടെ തർജ്ജമ വഷളായി വരുമെന്നുള്ളതിനു സംശയമില്ലാത്തതാകുന്നു. പിന്നെ ഇംക്ലീഷ് നോവൽ പുസ്തകങ്ങളിൽ ശൃംഗാരസപ്രധാനമായ ഘട്ടങ്ങൾ മലയാള

ഭാഷയിൽ നേർ തർജ്ജമയാക്കി എഴുതിയാൽ വളരെ ഭംഗിയുണ്ടാകയില്ല. ഈ സംഗതികളെ എല്ലാംകൂടി ആലോചിച്ച് ഒരു നോവൽബുക്ക് ഏകദേശം ഇംക്ലീഷ് നോവൽബുക്കുകളുടെ മാതിരിയിൽ മലയാളത്തിൽ എഴുതാമെന്ന് ഞാൻ നിശ്ചയിച്ച് എന്നെ ബുദ്ധിമുട്ടിച്ചാളോടു വാമത്തം ചെയ്തു. ഈ കരാർ ഉണ്ടായതു് കഴിഞ്ഞ ജനുവരിയിലാണ്. ഓരോ സംഗതി പറഞ്ഞു് ജൂൺമാസം വരെ താമസിച്ചു. പിന്നെ ബുദ്ധിമുട്ടു നിവൃത്തിയില്ലാതെ ആയി. ജൂൺ 11–ാം തീയതി മുതൽ ഈ ബുക്കു ഞാൻ എഴുതിത്തുടങ്ങി: ആഗസ്റ്റ് 17–ാം തീയതി അവസാനിപ്പിച്ചു. ഇങ്ങിനെയാണ് ഈ പുസ്തകത്തിന്റെ ഉത്ഭവത്തിനുള്ള കാരണം. ഈമാതിരി ഒരു ബുക്കിനെപ്പറ്റി എന്റെ നാട്ടുകാർക്ക് എന്തു് അഭിപ്രായമുണ്ടാവുമോ എന്നു ഞാൻ അറിയുന്നില്ല. ഇംക്ലീഷ് അറിവില്ലാത്തവർ ഈ മാതിരിയിലുള്ള കഥകൾ വായിച്ചിക്കാൻ എടയില്ല. ഈവക കഥകളെ ആദ്യമായി വായിക്കുമ്പോൾ അതുകളിൽ അഭിരുചി ഉണ്ടാവുമോ എന്നു സംശയമാണ്.

ഈ പുസ്തകം ഞാൻ എഴുതുന്നകാലം ഇംക്ലീഷ് പരിജ്ഞാനമില്ലാത്ത എന്റെ ചില സ്നേഹിതന്മാർ എന്നോടു്, എന്തു സംഗതിയെപ്പറ്റിയാണ് പുസ്തകം എഴുതുന്നതെന്നു ചോദിച്ചിട്ടുണ്ടായിരുന്നു. ഇതിൽ ഒന്നുരണ്ടാളോടു ഞാൻ സൂക്ഷ്മസ്ഥിതി പറഞ്ഞതിൽ അവർക്ക് എന്റെ ഈ ശ്രമം വളരെ രസിച്ചതായി എനിക്കു തോന്നീട്ടില്ല – "ഇതെന്തു സാരം—ഇതിന്നാണ് ഇത്ര ബുദ്ധിമുട്ടുന്നത്—യഥാർത്ഥത്തിൽ ഉണ്ടാവാത്ത ഒരു കഥ എഴുതുന്നതുകൊണ്ട് എന്തു പ്രയോജനം?" എന്ന് ഇതിൽ ഒരാൾ പറഞ്ഞതായി ഞാൻ അറിയും. എന്നാൽ ഇതിന്നു സമാധാനമായി എനിക്കു പറവാനുള്ളതു് ഒരു സംഗതി മാത്രമാണ്. ലോകത്തിൽ ഉള്ള പുസ്തകങ്ങളിൽ അധികവും കഥകളെ എഴുതീട്ടുള്ള പുസ്തകങ്ങളാണ്. ഇതുകളിൽ ചിലതിൽ ചരിത്രങ്ങൾ എന്നു പറയപ്പെടുന്നതും യഥാർത്ഥത്തിൽ ഉണ്ടായതെന്നു വിശ്വസിപ്പെടുന്നതും ആയ കഥകൾ അടങ്ങിയിരിക്കുന്നു. ഇതു കഴിച്ചു മറ്റുള്ള ബുക്കുകളിൽ കാണപ്പെടുന്ന കഥകൾ എല്ലാം യഥാർത്ഥത്തിൽ നടന്നതാണെന്നു വിശ്വസിക്കപ്പെടാത്തതോ സംശയിക്കപ്പെടുന്നതോ ആയ കഥകളാകുന്നു. എന്നാൽ സാധാരണയായി കഥകൾ വാസ്തവത്തിൽ നടന്നതായാലും, അല്ലെങ്കിലും, കഥകൾ പറഞ്ഞിട്ടുള്ളതിന്റെ ചാതുര്യംപോലെ മനുഷ്യർക്ക് രസിക്കുന്നതായിട്ടാണ് കാണപ്പെടുന്നതു്. അല്ലെങ്കിൽ

ഇത്ര അധികം പുസ്തകങ്ങൾ ഈവിധം കഥകളെക്കൊണ്ടു ചമയ്ക്കപ്പെടുവാൻ സംഗതി ഉണ്ടാവുന്നതല്ല. കഥ വാസ്തവത്തിൽ നടന്നതോ അല്ലയോ എന്നുള്ള സൂക്ഷ്മവിചാരം, അറിവുള്ളവർ ഈവക ബുക്കുകളെ വായിക്കുമ്പോൾ ചെയ്യുന്നതേ ഇല്ല . കവനത്തിന്റെ ചാതുര്യം, കഥയുടെ ഭംഗി ഇതുകൾ മനുഷ്യരുടെ മനസ്സിനെ ലയിപ്പിക്കുന്നു. നല്ല ഭംഗിയായി എഴുതീട്ടുള്ള ഒരു കഥയെ ബുദ്ധിക്കു രസികത്വമുള്ള ഒരുവൻ വായിക്കുമ്പോൾ ആ കഥ വാസ്തവത്തിൽ ഉണ്ടാവാത്ത ഒരു കഥയാണെന്നുള്ള പൂർണ്ണബോദ്ധ്യം അവന്റെ മനസ്സിന്ന് എല്ലായ്പ്പോഴും ഉണ്ടെങ്കിലും, ആ കഥയിൽ കാണിച്ച സംഗതികൾ, അവകൾ വാസ്തവത്തിൽ ഉണ്ടായതായി അറിയുമ്പോൾ അവന്റെ മനസ്സിന്ന് എന്തെല്ലാം ക്ഷോഭങ്ങളെ ഉണ്ടാക്കുമോ ആ ക്ഷോഭങ്ങളെത്തന്നെ നിശ്ചയമായി ഉണ്ടാക്കുമെന്നുള്ളതിനു സംശയമില്ല. എത്ര ഗംഭീരബുദ്ധികളായ വിദ്വാന്മാർ തങ്ങൾ വായിക്കുന്ന കഥ വാസ്തവത്തിൽ ഉണ്ടായതല്ലെന്നുള്ള ബോദ്ധ്യത്തോടുകൂടിത്തന്നെ ആ കഥകളിൽ ഓരോ ഘട്ടങ്ങൾ വായിക്കുമ്പോൾ ആ ഗ്രന്ഥകർത്താവിന്റെ പ്രയോഗസാമർത്ഥ്യത്തിന്നനുസരിച്ച രസിക്കുന്നു. ഈവക പുസ്തകങ്ങളിൽ ചില ദുഃഖരസപ്രധാനമായ ഘട്ടങ്ങൾ വായിക്കുമ്പോൾ എത്ര യോഗ്യരായ മനുഷ്യർക്കു മനസ്സു വ്യസനിച്ച കണ്ണിൽനിന്നു ജലം താനെ ഒഴുകിപ്പോവുന്നു. ഹാസ്യരസപ്രധാനമായ ഘട്ടങ്ങൾ വായിച്ച് എത്ര മനുഷ്യർ ഒറക്കെ ചിരിച്ചുപോവുന്നു. ഇതെല്ലാം സാധാരണ അറിവുള്ളാളുകളുടെ ഇടയിൽ ദിവസംപ്രതി ഉണ്ടായിക്കാണുന്ന കാര്യങ്ങളാണ്. ഈവക കഥകൾ ഭംഗിയായി എഴുതിയാൽ സാധാരണ മനുഷ്യന്റെ മനസ്സിനെ വിനോദിപ്പിക്കുവാനും മനുഷ്യർക്ക് അറിവുണ്ടാക്കുവാനും വളരെ ഉപയോഗമുള്ളതാണെന്ന് ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു കഥ വാസ്തവത്തിൽ നടക്കാത്തതാകയാൽ പ്രയോജനമില്ലാത്തതാണെന്നു പറയുന്നതു ശരിയല്ലെന്നാണ് എനിക്കു തോന്നുന്നു. ആ കഥ എഴുതിയമാതിരി ഭംഗിയായിട്ടുണ്ടോ എന്നു മാത്രമാണ് ആലോചിച്ച നോക്കേണ്ടതു്. എന്റെ മറ്റൊരു സ്നേഹിതൻ ഇയ്യിടെ ഒരു ദിവസം ഞാൻ ഈ പുസ്തകത്തിന്റെ അച്ചടി പരിശോധിച്ചുകൊണ്ടിരിക്കുമ്പോൾ ഈ ബുക്ക് എന്തു സംഗതിയെപ്പറ്റിയാണ് എന്ന് എന്നോടു ചോദിച്ചു. പുസ്തകം അടിച്ചുതീർന്നാൽ ഒരു പകർപ്പ് അദ്ദേഹത്തിന്ന് അയച്ചുകൊടുക്കാമെന്നും അപ്പോൾ സംഗതി മനസ്സിലാവുമെന്നും മാത്രം ഞാൻ മറുവടി പറഞ്ഞു. അതിന് അദ്ദേഹം എന്നോടു

മറുവടി പറഞ്ഞ വാക്കുകൾ ഇവിടെ ചേർക്കുന്നു. "സയൻസ് എന്നു പറയപ്പെടുന്ന ഇംക്ലീഷ്ശാസ്ത്രവിദ്യകളെക്കുറിച്ചാണ് ഈ പുസ്തകം എഴുതുന്നത് എങ്കിൽ കൊള്ളാം. അല്ലാതെ മറ്റൊരു സംഗതിയെപ്പറ്റിയും മലയാളത്തിൽ ഇപ്പോൾ പുസ്തകങ്ങൾ ആവശ്യമില്ല." ഞാൻ ഈ വാക്കുകൾ കേട്ട് ആശ്ചര്യപ്പെട്ടു.

സാധാരണ ഈ കാലങ്ങളിൽ നടക്കുന്നമാതിരിയുള്ള സംഗതികളെ മാത്രം കാണിച്ചും ആശ്ചര്യകരമായ യാതൊരു അവസ്ഥകളേയും കാണിക്കാതെയും ഒരു കഥ എഴുതിയാൽ അത് എങ്ങിനെ ആളുകൾക്കു രസിക്കും എന്ന് ഈ പുസ്തകം എഴുതുന്ന കാലത്തു മറ്റുചിലർ എന്നോടു ചോദിച്ചിട്ടുണ്ട്. അതിന് ഞാൻ അവരോടു മറുവടി പറഞ്ഞത് —എണ്ണച്ചായ ചിത്രങ്ങൾ യൂറോപ്പിൽ എഴുതുന്നമാതിരി ഈ ദിക്കിൽ കണ്ടു രസിച്ചു തുടങ്ങിയതിനുമുമ്പ്, ഉണ്ടാവാൻ പാടില്ലാത്തവിധമുള്ള ആകൃതിയിൽ എഴുതീട്ടുള്ള നരസിംഹമൂർത്തിയുടെ ചിത്രം, വേട്ടയ്ക്കൊരുമകന്റെ ചിത്രം, ചില വ്യാളമുഖചിത്രം, ശ്രീകൃഷ്ണൻ സാധാരണ രണ്ടുകാൽ ഉള്ളവർക്കു നിൽക്കാൻ ഒരുവിധവും പാടില്ലാത്തവിധം കാൽ പിണച്ചുവെച്ച് ഓടക്കുഴൽ ഊതുന്ന മാതിരി കാണിക്കുന്ന ചിത്രം, വലിയ ഫണമുള്ള അനന്തന്റെ ചിത്രം, വലിയ രാക്ഷസന്മാരുടെ ചിത്രം ഇതുകളെ നിഴലും വെളിച്ചവും നിംനോന്നതസ്വഭാവങ്ങളും സ്മരിക്കപ്പെടാത്ത മാതിരിയിൽ രൂക്ഷങ്ങളായ ചായങ്ങൾകൊണ്ട് എഴുതിയതു കണ്ടു രസിച്ച് ആവക എഴുത്തുകാർക്ക് പലവിധ സമ്മാനങ്ങൾ കൊടുത്തു വന്നിരുന്ന പലർക്കും ഇപ്പോൾ അതുകളിൽ വിരക്തിവന്ന് മനുഷ്യന്റെയോ മൃഗത്തിന്റെയോ വേറെ വസ്തുക്കളുടെയോ സാധാരണ സ്വഭാവങ്ങൾ കാണിക്കുന്ന എണ്ണച്ചായചിത്രം, വെള്ളച്ചായചിത്രം ഇതുകളെക്കുറിച്ചു കൌതുകപ്പെട്ട് എത്രുണ്ടു സൃഷ്ടിസ്വഭാവങ്ങൾക്ക് ചിത്രങ്ങൾ ഒത്തുവരുന്നുവോ അത്രുണ്ട് ആ ചിത്രകർത്താക്കന്മാരെ ബഹുമാനിച്ചു വരുന്നതു കാണുന്നില്ലയോ, അതുപ്രകാരംതന്നെ കഥകൾ സ്വാഭാവികമായി ഉണ്ടാവാൻ പാടുള്ള വൃത്താന്തങ്ങളെക്കൊണ്ടുതന്നെ ഭംഗിയായി ചമച്ചാൽ കാലക്രമേണ ആവക കഥകളെ അസംഭവ്യസംഗതികളെക്കൊണ്ടു ചമയ്ക്കപ്പെട്ട പഴയ കഥകളെക്കാൾ രുചിക്കുമെന്നാകുന്നു. എന്നാൽ ഞാൻ എഴുതിയ ഈ കഥ ഭംഗിയായിട്ടുണ്ടെന്നു ലേശംപോലും എനിക്കു വിശ്വാസമില്ല. അങ്ങിനെ ഒരു വിശ്വാസം എനിക്കു വന്നിട്ടുണ്ടെന്നു മേൽപറഞ്ഞ സംഗതികളാൽ എന്റെ വായനക്കാർക്കു തോന്നുന്നുണ്ടെങ്കിൽ അത് എനിക്കു പരമസങ്കടമാണ്. ഈമാതിരി കഥകൾ

ഭംഗിയായി എഴുതുവാൻ യോഗ്യതയുള്ളവർ ശ്രദ്ധവെച്ച് എഴുതിയാൽ വായിപ്പാൻ ആളുകൾക്കു രുചി ഉണ്ടാവുമെന്നാണ് ഞാൻ പറയുന്നതിന്റെ സാരം. ഈ പുസ്തകം എഴുതീട്ടുള്ളത് ഞാൻ വീട്ടിൽ സാധാരണ സംസാരിക്കുന്ന മലയാളഭാഷയിൽ ആകുന്നു. അൽപം സംസ്കൃത പരിജ്ഞാനം എനിക്ക് ഉണ്ടെങ്കിലും പലേ സംസ്കൃതവാക്കുകളും മലയാളഭാഷയിൽ നോം മലയാളികൾ സംസാരിച്ചുവരുമ്പോൾ ഉപയോഗിക്കുന്ന മാതിരിയിലാണ് ഈ പുസ്തകത്തിൽ സാധാരണയായി ഞാൻ ഉപയോഗിച്ചിട്ടുള്ളത്. ദൃഷ്ടാന്തം, 'വ്യൽപത്തി' എന്നു ശരിയായി സംസ്കൃതത്തിൽ ഉച്ചരിക്കേണ്ട പദത്തെ 'വിൽപത്തി' എന്നാണ് സാധാരണ നോം പറയാറ്. അത് ആ സാധാരണ മാതിരിയിൽത്തന്നെയാണ് ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ഇതുപോലെ പലേ വാക്കുകളെയും കാണാം. 'പട്ട', 'ധൃതഗതി', 'ധൃതഗതിക്കാരൻ', 'യോഗ്യമായ സഭ' ഈവക പലേ പദങ്ങളും സമാസങ്ങളും സംസ്കൃതസിദ്ധമായ മാതിരിയിൽ അല്ല, മലയാളത്തോടു ചേർത്തുപറയുമ്പോൾ ഉച്ചരിക്കുന്നതും അർത്ഥം ഗ്രഹിക്കുന്നതും. അതുകൊണ്ടു സാധാരണ മലയാളഭാഷ സംസാരിക്കുമ്പോൾ ഈവക വാക്കുകളെ ഉച്ചരിക്കുന്നപ്രകാരം തന്നെയാകുന്നു ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത് എന്നു മുൻകൂട്ടി എന്റെ വായനക്കാരെ ഗ്രഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതുകൂടാതെ കർത്തൃകർമ്മക്രിയകളെയും അകർമ്മസകർമ്മക്രിയാപദങ്ങളെയും സാധാരണ സംസാരിക്കുമ്പോൾ ഉപയോഗിക്കുന്നമാതിരിൽത്തന്നെയാണ് ഈ പുസ്തകത്തിൽ പലേടങ്ങളിലും ഉപയോഗിച്ചുവന്നിരിക്കുന്നത് എന്നും കൂടി ഞാൻ ഇവിടെ പ്രസ്താവിക്കുന്നു. മലയാള വാചകങ്ങൾ മലയാളികൾ സംസാരിക്കുന്ന മാതിരി വിട്ട്, സംസ്കൃതഗദ്യങ്ങളുടെ സ്വഭാവത്തിൽ പരിശുദ്ധമാക്കി എഴുതുവാൻ ഞാൻ ശ്രമിച്ചിട്ടില്ല.

ഇംക്ലീഷ് അറിയുന്ന എന്റെ വായനക്കാർ ഈ പുസ്തകം വായിക്കുന്നതിനുമുമ്പ് ഇതിനെപ്പറ്റി ഞാൻ ഡബ്ളിയു. ഡ്യൂമർഗ്ഗ് സായ്‌വവർകൾക്ക് ഇംക്ലീഷിൽ എഴുതീട്ടുള്ള ഒരു ചെറിയ കത്ത് ഇതൊന്നിച്ച് അച്ചടിച്ചിട്ടുള്ളതുകൂടി വായിപ്പാൻ അപേക്ഷ . ഈ പുസ്തകത്തിൽ അടങ്ങിയ ചില സംഗതികളെപ്പറ്റി ഉണ്ടായിവരാമെന്ന് എനിക്ക് ഊഹിപ്പാൻ കഴിഞ്ഞേടത്തോളമുള്ള ആക്ഷേപങ്ങളെക്കുറിച്ചു സമാധാനമായി എനിക്കു പറവാനുള്ളത് ഞാൻ ആ കത്തിൽ കാണിച്ചിട്ടുണ്ട്. ഈ പുസ്തകം


അച്ചടിക്കുന്നതിൽ സ്പെക്റ്റർ അച്ചുക്കൂടം സൂപ്രണ്ടെണ്ട് മിസ്റ്റർ കൊച്ചുകുഞ്ഞനാൽ എനിക്കു വളരെ ഉപകാരം ഉണ്ടായിട്ടുണ്ട് . എഴുത്തിൽ ബദ്ധപ്പാടുനിമിത്തം വന്നുപോയിട്ടുള്ള തെറ്റുകളെ ഈ പുസ്തകം അച്ചടിക്കുമ്പോൾ അതാതു സമയം ഈ സാമർത്ഥ്യമുള്ള ചെറുപ്പക്കാരൻ എന്റെ അറിവിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് നന്ദിപൂർവ്വം ഞാൻ ഇവിടെ പ്രസ്താവിക്കുന്നു.

---

**nisam**

## പാത്തുമ്മായുടെ ആട്

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട് . 1959-ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി' എന്നൊരു പേരും ഗ്രന്ഥകർത്താവ് നിർദ്ദേശിച്ചിരുന്നു. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന് ചികിൽത്സയും വിശ്രമവുമായി വൈക്കത്തിനടുത്ത് തലയോലപറമ്പിലുള്ള തൻറെ കുടുംബ വീട്ടിൽ കഴിയവേ 1954 ഇൽ ആണ് ബഷീർ ഇത് എഴുതുന്നത്.




ബഷീറിൻറെ അമ്മയും , സഹോദരങ്ങളും അവരുടെ ഭാര്യമാരും കുട്ടികളും അടങ്ങുന്ന കൂട്ടുകുടുംബം ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന ദൈനംദിന സംഭവ വികാസങ്ങൾ തന്റെ തനതു ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ബഷീർ ഈ നോവലിൽ. ആ വീട്ടിലെ ഓരോ കുടുംബാംഗവും എന്ന് വേണ്ട ബഷീറിന്റെ സഹോദരി പാത്തുമ്മ വളർത്തുന്ന ആട് വരെ ഈ നോവലിലെ കഥാപാത്രങ്ങളാണ്.


### പാത്തുമ്മ

നോവലിലെ പ്രധാനകഥാപാത്രമാണ് പാത്തുമ്മ. പേര് സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ

ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിലെ കഥയുടെ കിടപ്പ്.

ബഷീറിന്റെ രണ്ട് സഹോദരിമാരിൽ മൂത്തത് പാത്തുമ്മയാണ്. പാത്തുമ്മയ്ക്കും ഭർത്താവ് കൊച്ചുണ്ണിക്കും ഖദീജ എന്നൊരു മകളുണ്ട്. ബഷീറിന്റെ സഹോദരങ്ങളിൽ തറവാട്ടിൽ നിന്ന് മാറിത്താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്. എങ്കിലും എല്ലാ ദിവസവും രാവിലെത്തന്നെ മകളേയും കൂട്ടി അവർ തറവാട്ടിലെത്തും. അവരുടെ വരവ് ഒരു "സ്റ്റൈലിലാണ്" എന്നാണ് ബഷീർ പറയുന്നത്. പാത്തുമ്മ എപ്പോഴും പറയുന്ന ഒരു വാചകമുണ്ട് "എന്റെ ആട് പെറട്ടെ , അപ്പൊ കാണാം". പാത്തുമ്മക്ക് കാര്യമായ വിദ്യാഭ്യാസമൊന്നുമില്ല. എങ്കിലും കുടുംബത്തിന്റെ വളർച്ചക്ക് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു സ്ത്രീയാണവർ.

പാത്തുമ്മ പറഞ്ഞിരുന്നതു പോലെ ഒരിക്കൽ പാത്തുമ്മയുടെ ആട് പെറ്റു. ആട്ടിൻ പാൽ വിറ്റുകിട്ടുന്ന പണം കൊണ്ട് വീടിന്റെ വാതിൽ നന്നാക്കുന്നതുൾപ്പെടെ പലതും ചെയ്യണമെന്നു പാത്തുമ്മ വിചാരിച്ചിരുന്നു. പക്ഷേ തന്റെ കുടുംബക്കാർക്കു വേണ്ടി ആടിന്റെ പാൽ കൈക്കൂലിയായി പാത്തുമ്മക്ക് ഉപയോഗിക്കേണ്ടി വന്നു. ഒരിക്കൽ ബഷീറിനെ തന്റെ വീട്ടിലേക്ക് ക്ഷണിക്കുന്നു. പത്തിരിയും കരൾ വരട്ടിയതും വെച്ച് സൽക്കരിക്കുന്നു. എന്നാൽ പാത്തുമ്മയുടെ മറ്റു സഹോദരങ്ങളായ അബ്ദുൽ ഖാദറിനും ഹനീഫക്കും ഇത് സഹിക്കാൻ പറ്റുന്നില്ല. പാത്തുമ്മായുടെ ഭർത്താവ് അവർക്കു കടപ്പെട്ടിരുന്ന പണത്തിന്റെ പേരിൽ ഭർത്താവിനേയും പാത്തുമ്മായേയും മകൾ ഖദീജയേയും ഒന്നും രണ്ടും മൂന്നും പ്രതികളാക്കി കേസുകൊടുക്കുമെന്നും ആടിനെ ജപ്തിചെയ്യിക്കുമെന്നും സഹോദരങ്ങൾ ഭീഷണിപ്പെടുത്തി. അങ്ങനെയാണ് പാത്തുമ്മക്ക് ആട്ടുംപാൽ കൈക്കൂലിയായി ഉപയോഗിക്കേണ്ടി വന്നത്. കൈക്കൂലിയായി നേരേ കിട്ടുന്ന പാലിനു പുറമേ, പാത്തുമ്മ അറിയാതെ ആടിന്റെ പാൽ അവർ കറന്നെടുക്കുകയും ചെയ്തിരുന്നു.



# ആരാച്ചാർ

**കെ.ആർ. മീര എഴുതിയ ഒരു മലയാളം നോവലാണ് ആരാച്ചാർ. മാധ്യമം ആഴ്ചപ്പതിപ്പിൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ച ഈ നോവൽ ഡി സി ബുക്ക്സാണ് പുസ്തക രൂപത്തിൽ പ്രസാധനം ചെയ്തിരിക്കുന്നത്. കൊൽക്കത്ത പശ്ചാത്തലത്തിൽ ഒരു പെൺ ആരാച്ചാരുടെ കഥ പറയുകയാണ് ഈ നോവൽ. സമകാല ഇന്ത്യയുടെ രാഷ്ട്രവ്യവഹാരത്തിന്റെ സൂക്ഷ്മമായ ചില തലങ്ങളെ ചെന്നുതൊടുന്നതും ഇന്ത്യാചരിത്രത്തിന്റെ സംഘർഷങ്ങളെ മുഴുവൻ ഒരു പെൺകുട്ടിയുടെ ജീവിതത്തിന്റെ യുദ്ധരംഗത്തേക്ക് കൊണ്ടുവന്ന് സംഭ്രമിപ്പിക്കുന്നതുമായ ഒരു രചനാതന്ത്രം ഈ നോവലിൽ കെ.ആർ. മീര സ്വീകരിച്ചിട്ടുണ്ടെന്ന് നിരൂപകനായ ടി.ടി ശ്രീകുമാർ സമർത്ഥിക്കുന്നു. ഈ അർഥത്തിൽ ഒരു പാൻ ഇന്ത്യൻ നോവൽ എന്ന വിശേഷണം ഈ നോവൽ അർഹിക്കുന്നുണ്ടെന്നും ശ്രീകുമാർ പറയുന്നു.**

# പശ്ചാത്തലം

**ബംഗാൾ പശ്ചാത്തലമാക്കിയ നോവൽ, പരമ്പരകളായി വധശിക്ഷനടപ്പാക്കൽ തൊഴിലാക്കിയ ഒരു കുടുംബത്തിന്റെ കഥപറയുന്നു. നോവലിലെ കേന്ദ്ര കഥാപാത്രമായ ചേതന, തന്റെ പരമ്പരാഗത തൊഴിൽ സ്വായത്തമാക്കാനായി തീവ്രപ്രയത്നം ചെയ്യുന്ന ശക്തയായ ഒരു സ്ത്രീയാണ്. 22 വയസുകാരിയായ ചേതനയുടെ കുടുംബത്തിന്റെ തൊഴിൽ ചരിത്രം 440 വരെ നീണ്ടുകിടക്കുന്നതാണ്. തൊഴിലിനെ സംബന്ധിച്ച് അഹങ്കാരത്തോടടുത്തുനിൽക്കുന്ന ആത്മപ്രതാപം കൊണ്ടുനടക്കുന്ന പ്രസ്തുതകുടുംബത്തിലേക്ക് പുതിയൊരു വധശിക്ഷ കടന്നുവരുമ്പോൾ, 451 പേരെ കാലപുരിക്ക് കൈപിടിച്ചയച്ചിട്ടുള്ള 88 വയസായ ചേതനയുടെ പിതാവ് തൊഴിലെടുക്കാനാവാത്ത വിധം വാർദ്ധക്യബാധിതനാണ്. കൈയും കാലും മുറിച്ചുമാറ്റപ്പെട്ട സഹോദരനാലും ഈ തൊഴിലെടുക്കാനാവില്ല. ബാക്കിയുള്ളത് ചേതനയാണ്. ജനിക്കുമ്പോൾത്തന്നെ പൊക്കിൾക്കൊടിയാൽ കുരുക്കുതീർത്തുകൊണ്ട് പുറത്തെത്തിയ ചേതനയുടേത് ആരാച്ചാരുടെ രക്തമാണ്. രാജഭരണത്തിലും ബ്രിട്ടീഷ് ഭരണത്തിലും തിരക്കേറിയ തൊഴിൽ ആയിരുന്നു ആരാച്ചാരുടെത്. എന്നാൽ ജനാധിപത്യത്തിൽ തൂക്കിക്കൊലകൾ കുറഞ്ഞതോടെ ദാരിദ്ര്യത്തിൽ ആയ കുടുംബം മുന്നോട്ട് കൊണ്ടുപോകാൻ വഴിയില്ലാതെ നിൽക്കുമ്പോൾ വീണു കിട്ടുന്ന ഒരു വധശിക്ഷയെ പരമാവധി ഉപയോഗിച്ച് പണമുണ്ടാക്കാനും ചേതനയ്ക്ക് ഒരു ജോലി തരപ്പെടുത്തുവാനും**

**ചേതനയുടെ അച്ഛൻ ശ്രമിക്കുന്നു. ഇന്ത്യയിൽ, അല്ലെങ്കിൽ ലോകത്തിലെ തന്നെ ആദ്യത്തെ വനിതാ ആരാച്ചാർ എന്ന് ചേതനയെ ടെലിവിഷൻ ചാനലുകൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു. വധശിക്ഷയും അതിനെതിരെയും അനുകൂലമായും ഉള്ള ശബ്ദങ്ങളും വധശിക്ഷയെ മുതലെടുക്കാൻ ശ്രമിക്കുന്ന മാധ്യമങ്ങളും രാഷ്ട്രീയപ്രസ്ഥാനങ്ങളും നോവലിലെ പ്രമേയങ്ങളാണ്.**

## പരിഭാഷ


**ആരാച്ചാർ എന്ന നോവൽ *ഹാങ് വുമൺ* എന്ന പേരിൽ ജെ. ദേവിക ഇംഗ്ലീഷ് ഭാഷയിലേക്ക് പരിഭാഷ ചെയ്തിട്ടുണ്ട്. പെൻഗ്വിൻ ബുക്സിന്റെ രാജ്യാന്തര മുദ്രണമായ ഹാമിഷ് ഹാമിങ്ടൺ ആണ് ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ പ്രസാധകർ. അരുന്ധതി റോയ് ആണ് ഇംഗ്ലീഷ് പരിഭാഷ പ്രകാശനം ചെയ്തത്.**

## അബ്രഹാം ലിങ്കൺ



അമേരിക്കൻ പ്രസിഡണ്ടുമാർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടുമെന്ന് ഏറ്റവും വലിയ മഹാനാണ് അബ്രഹാം ലിൻകൺ അടിമത്തം നിർത്തലാക്കിയെന്ന് മനോഹരമായി നിർവചനം ജനാധിപത്യത്തിന് നൽകിയ **1861** അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡണ്ടായി സ്ഥാനമേറ്റ അദ്ദേഹം കഠിനപരിശ്രമത്തിലൂടെ നിയമം പഠിച്ചുഅഭിഭാഷക വൃത്തിയിൽ ഏർപ്പെട്ടു പിന്നീട് രാഷ്ട്രീയത്തിലേക്ക് തിരിച്ചെത്തി .നിയമസഭാംഗമായി. യുഎസ് പ്രതിനിധി സഭാംഗം പ്രവർത്തിച്ചു.**1865** ഒരു നാടകശാലയിൽ വച്ച് അദ്ദേഹം വെടിയേറ്റുമരിച്ചു.

---



## കുഞ്ചൻ നമ്പ്യാർ


തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് കിള്ളിക്കുറിശ്ശി മംഗലത്തെ കലക്കത്ത് ഭവനത്തിലാണ് ജനനം. ഒരു കൊട്ടാരം കവിയുമായിരുന്നു കുഞ്ചൻ നമ്പ്യാർ തുള്ളൽ കഥകളുടെ കർത്താവ് എന്ന നിലയിലാണ് പ്രശസ്തിയിലേക്കുയർന്നത്

# <u>ഇന്ദിരാഗാന്ധി</u>



ഇന്ത്യയിലെ ആദ്യത്തെ വനിതാ പ്രധാനമന്ത്രിയാണ്. **1959-ൽ** ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട **1966** ജനുവരി നാലിന് ഇന്ത്യൻ പ്രധാനമന്ത്രിയായി. **1975** ജൂൺ **25** ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച **1977 -ൽ** തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടആദ്യ പ്രധാനമന്ത്രി .സ്വന്തം അംഗരക്ഷകരുടെ വെടിയേറ്റ് രക്തസാക്ഷിയായി.

# <u>കുമാരനാശാൻ</u>



സ്നേഹഗായകൻ എന്നറിയപ്പെടുന്ന കുമാരനാശാൻ ബാല്യത്തിൽതന്നെ സംസ്കൃതവും കാവ്യനാടകങ്ങളും അഭ്യസിച്ച കേരളീയ മഹാകവിയാണ്**.** മലയാള കവിതയിലെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച ഒരു പ്രമുഖനായിരുന്നു അദ്ദേഹം വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിച്ചിരുന്നതു കൊണ്ട് ആശാൻ എന്ന പേര് ലഭിച്ച ശ്രീനാരായണഗുരുവിന്റെ ശിഷ്യനായ ആശാൻ **1903** എസ്എൻ ഡിപി സ്ഥാപിച്ചു**.** ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു വേണ്ടി കഠിനപ്രയത്നം ചെയ്തു അദ്ദേഹത്തിന്റെ വീണപൂവ് എന്ന കാവ്യം മലയാളസാഹിത്യത്തിന്റെ പിറവിക്ക് കാരണമായി അദ്ദേഹത്തിന്റെ കൃതികളിൽ ഉടനീളം ഒരു തത്വചിന്തകനായ കവിയെയും കവിതയെയും ദർശിക്കാം നളിനി**,** ചിന്താവിഷ്ടയായ സീത**,** കരുണ**,** ചണ്ഡാലഭിക്ഷുകി **,**എന്നിവ അദ്ദേഹത്തിന് പ്രസിദ്ധമായ ചില രചനകളാണ്

## മാധവൻ അയ്യപ്പത്ത്

ലളിതമായ ഭാഷയിൽ ജീവിതം അന്വേഷിക്കുന്ന കവിയാണ് മാധവൻ അയ്യപ്പത്ത്. തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് ജനനം. 1943 കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.



*Thank you, friend, for all the things*
*That mean so much to me--*
*For concern and understanding*
*You give abundantly.*





**Thanks for listening with your heart;**
**For cheering me when I'm blue;**
**For bringing out the best in me;**
**And just for being you.**

*Thanks for in-depth conversation*
*That stimulates my brain;*
*For silly times we laugh out loud;*
*For things I can't explain.*

BY



*Abl_Danish*



# VAIKOM MUHAMMED BASHEER

Vaikom muhammed basheer(19 januvary 1908 -july 1994 ) was a malayalam fiction writter from the State of kerala in india.He was a humanist ,freedom fighter,novelist and short story writer.He was Noted for his path.Breaking,disarmingly down-to-earth style of writing that made him equally popular Among literary critics as well as the common man.he was regarded as one of the most succesful and Out standing writter from india.his notable works included,Balyakalasakhi,shabdhangal,mathilukal, Pathummayude aadu e.t.c. He was awarded the padmashri in 1982.He was fondly remembered as the Beypoore sulthan.

## ശലഭമേ......

ഈ ജന്മം സഫലമായി യാത്ര
പറക്കാൻ മറന്ന് വാനം
നുകരാൻ മറന്ന് പുഷ്പം
ഇനിയുമെത്രയോ ....
വിധിക്കപ്പെട്ട
അസുര ജന്മം
ഒരു ജന്മംഅമൃതിൻ
മധുരമായി
അറ്റുപോകാത്ത ചിറകുകളുമായി
പൂവിൽ നിന്ന് പൂവിലേക്ക് പറന്നു
എത്ര മനോഹരം ഈ ജീവിതയാത്ര

ദാനിഷ് കെ



# കാലമേ തിരികെത്തരു നീ എൻ ബാല്യം



കാലമേ തിരികെത്തരു നീ എൻ ബാല്യം
ഒരുവട്ടം വയൽ വരമ്പത്ത് പോയ്യോട്ടെ



ഒരുവട്ടം ഞാൻ മൂവാണ്ടൻ മാവിൽ കല്ലെറിയട്ടെ
ഓർമകൾ ഇക്കിളിക്കൂട്ടുന്ന എന്റെ ബാല്യം



ഇന്ന് നീ എനിക്ക് അന്യമാക്കി
എനിക്കിനിയാ സൗഭാഗ്യങ്ങൾ തിരികെ തരു



പൊരിയുന്ന വെയിലേറ്റ് പുളയുന്ന പ്രവാസി ഞാൻ
ബാല്യത്തിലെ ഓർമ്മകൾ ഒരു കുളിർ തൂവൽസ്പർശം

പോലെന്നെ തഴുകുന്നു
തിരികെ തരു നീ എൻ ബാല്യം


യാസീൻ സി.പി

## പ്രളയം

വാർത്തകളിൽ-
പ്രളയം...
കണ്ണീരിന്റെ,
പ്രളയം...
മഴ ദൈവങ്ങൾ
കനിഞ്ഞു...
പ്രളയം.
എങ്കിലും ദുഃഖം!
ഓർമ്മകൾ മറഞ്ഞു...
പ്രളയത്തിൽ.
സ്വപ്നങ്ങൾ ഒഴുകി-
പ്രളയത്തിൽ.
ഒടുവിൽ വന്ന
പത്ര വാർത്തയിൽ-
ഒരു കടലിരുമ്പൽ!
വാർത്തയുടെ ഉള്ളിലിങ്ങനെ-
“ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചുവരുമെന്ന
പ്രതീക്ഷയിൽ”
പ്രളയം...!
ഹൃദയത്തിലും,
വാർത്തയിലും...!

# ചാണക്യൻ

തക്ഷശിലയിലെ ഒരു സാധാരണ ബ്രാഹ്മണകുടുംബത്തിലാണ് ചാണക്യൻ ജനിച്ചത്.



കുശാഗ്രബുദ്ധിയായ കൗടില്യൻ എന്ന് അറിയപ്പെട്ടിരുന്നു. പ്രാഥമിക വിദ്യാഭ്യാസം ബുദ്ധി ശാലയിലും ക്രാന്തദർശികളായ ചാണക്യൻ രാഷ്ട്രീയ മീമാംസ നയതന്ത്രജ്ഞനെ ശാസ്ത്രം എന്നിവയിൽ പാണ്ഡിത്യം നേടിയിരുന്നു. ചന്ദ്രഗുപ്തമൗര്യൻ സുഹൃത്തും ആത്മീയാചാര്യനും ആയിരുന്നു അദ്ദേഹം. അക്കാലത്തെ ഭരണ സംവിധാനങ്ങളെക്കുറിച്ചും ചരിത്രങ്ങളെ കുറിച്ചുംഅറിവു നൽകുന്ന ശാസ്ത്രത്തിൻറെ കർത്താവാണ് കൗടില്യൻ. ഒരു സന്യാസിയായിരുന്നു രാജകൊട്ടാരത്തിന് ഒരു കുടിലിലാണ് താമസിച്ചിരുന്നത്.

# ജവഹർലാൽ നെഹ്റു



നവഭാരത ശില്പി എന്നറിയപ്പെടുന്ന ജവഹർലാൽ നെഹ്റു സ്വതന്ത്ര ഭാരതത്തിലെ ആദ്യ പ്രധാനമന്ത്രിയാണ് അലഹാബാദിൽ ജനിച്ച വിദ്യാഭ്യാസത്തിലൂടെയുക്തിചിന്തയിൽ അധിഷ്ഠിതമായ ഒരു ലോക വീക്ഷണത്തിലൂടെയാണ് നെഹ്റു **1916**-ലെ കോൺഗ്രസിൽ വച്ച് ഗാന്ധിജിയെ പരിചയപ്പെട്ടു **57** വയസ്സിൽ നെഹ്റു സ്വതന്ത്ര ഭാരതത്തിലെ ആദ്യ പ്രധാനമന്ത്രിയായ അദ്ദേഹം പ്രശസ്തനായ ഒരു എഴുത്തുകാരൻ കൂടിയാണ് ഇന്ത്യയെ കണ്ടെത്തൽ ഒരച്ഛൻ മകൾക്കയച്ച കത്തുകൾ എന്നിവ അദ്ദേഹത്തിൻറെ പ്രശസ്തങ്ങളായ കൃതികളാണ്

നിസാം

കവിത

# എൻഡോസൾഫാൻ

ഞാനിന്ന് ഭൂമിക്ക് ഭാരമായി മാറുന്നു
ഞാനിന്ന്അമ്മക്ക് ഭാരമായി തോന്നുന്നു
ഒരുപാട് കൊതിച്ചു എൻറെ അമ്മ
ഒരുപാട് മോഹിച്ച എന്നഅചൻ
മൂളിപ്പറന്ന വിഷിത്തുള്ള ചൊരിഞ്ഞവർ
മോഹങ്ങളെല്ലാം തച്ചുടച്ചോർ
അണയുന്ന തിരിനാളം പോലെ
ഞാൻ ഇന്നോളം ആരെയും നള്ളി നോവിച്ചില്ല
എന്നാലും ഞാനും ഭൂമിക്കും
അമ്മയ്ക്കും നോവായി മാറുന്നു



യാസീൻ സി.പി

# മഹാത്മാഗാന്ധി

**മോഹൻദാസ് കരംചന്ദ് ഗാന്ധി:മഹാത്മാ ഗാന്ധി**പ്രസ്ഥാനത്തിന്റെ **നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്രപിതാവ്" എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു.**അഹിംസയിലൂന്നിയ സത്യാഗ്രഹം**എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി.*മഹത്തായ ആത്മാവ്* എന്നർത്ഥം വരുന്ന*മഹാത്മാ*, അച്ഛൻ എന്നർത്ഥംവരുന്ന *ബാപ്പുജി*എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.**



# നമ്മുടെ പ്രകൃതി

പരിസ്ഥിതി സംരക്ഷിക്കുക
നാടിനെ രക്ഷിക്കുക.
മലയും കുന്നുകളും പുഴകളും
തോടുകളും  സംരക്ഷിക്കുക.

മലയും കുന്നും നികത്താതിരിക്കുക
പുഴകളും തോടുകളും മലിനമാക്കാതിരിക്കുക
വരും തലമുറയ്ക്കായി മുന്നേറാം

മരങ്ങളും ചെടികളും വെച്ചുപിടിപ്പിക്കു
നമ്മുടെ നാടിനെ സംരക്ഷിക്കു.
പ്രകൃതിയെ നമ്മുടെ സുഹൃത്താക്കാം
വരും തലമുറയ്ക്കായി കൈകോർക്കാം.

നമ്മൾ ചെയ്ത പ്രവൃത്തിയുടെ ഫലമായാണ്
ഇന്ന് നമ്മൾ അനുഭവിക്കുന്നേ.
നമ്മുടെ നാടിനെ സംരക്ഷിക്കാം
പ്രകൃതി അമ്മയാണ്,അച്ഛനാണ്.

നമ്മുടെ പ്രകൃതി അമൃതമാണ്.
പേടിച്ചോരു നേരത്ത്
മാറോട് ചേർത്തതത്തിട്ടു
പാഠം പഠിപ്പിച്ചതച്ഛനാണ്

അമ്മയെ സംരക്ഷിക്കാം
നമ്മുക്ക് ഒന്നായി,ഒന്നിച്ച്,ഒരുമയോടെ

sreerag.k

# I Want to Be Just Like You

In a time when fathers are totally absent,
gone most of the time,
or physically present but mentally distracted,

you are there for me—
looking at me, listening to me
understanding me, talking with me.
You make time for me
even when it's inconvenient for you.
You make me feel important to you.

I learn from you when you teach me,
when I watch you do things,
and when I observe you
just being you—a terrific father.

Every affectionate smile you give me,
every pat on the back, every hug
shows me you love me,
that you're proud of me.

These are things I'll remember
to do for my own kids.
0You're a great role model, Dad.
I want to be just like you1

-Ajul P Nishoob




ഞാൻ ഇന്നലെ കണ്ട മരമല്ലേഇത്.
ഇതിനെന്തുപറ്റി. പാതി മുറിച്ചിരിക്കുന്നു.
പാവം ഇങ്ങനെ വന്നാൽ ഒരു മരവും ബാക്കി
കാണില്ലല്ലോ?


ഇനി ഒരുനാൾ വരും അന്ന് നിങ്ങൾ
അനുഭവിക്കും.
അറിയും ഞങ്ങളുടെ മഹാത്മ്യം.
ഞങ്ങളെ ഒർത്ത്
കരയും

sreerag.k



DIGITAL PAINTING
BY
ABHINAND SHYAM

# കുട്ടി കുരങ്ങ്

കാട്ടിലുണ്ടൊരു കുട്ടാപ്പി
ചാടി മറിഞ്ഞു നടന്നപ്പോൾ
മുൻപിലിരുന്നൊരു മാമ്പഴം
കണ്ണിലുരുണ്ട് കളിക്കുന്നു

വലിയൊരു കാറ്റിങ്ങടിച്ചപ്പോൾ
മാമ്പഴമങ്ങ് തെറിച്ചപ്പോൾ
ചാടിമറിഞ്ഞു പിടിച്ചവൻ.
ഉള്ളിൽ മറിഞ്ഞ് നിറഞ്ഞത്

കൊതിയും, സ്നേഹവും മാത്രമല്ല
ഇത്തിരിയൊക്കെ അഹങ്കാരവും.

**Sreerag.k**



# SING,LITTLE BIRDLE

Sing, little birdie, sing
On topmost branches high!
And when thou spreadst thy airy wing,
Let not the sweet notes die.

But longer, louder be,
Until the echoes rain
That hide away where none may see,
But only hear them sing.

Methinks that I could stay
Forever with thee here.
And list thy strain the livelong day
Forgetting sorrow’s tear.

Sreerag.k

# HANDS
# ABOVE THE WAVES

One day will come
That day will teach
All people about some
Know ledage of goodness

Hear the sound
From all around the world
And hear the sound
The sound of people

The voice of people
those who want protection
Help from the other people
Who are ready to help

And all rich
All poor and
All around the world
Asks help to everyone

The ego arroganu
The power all
lost all
All things lost

**in the water**
**In the water which**
**Continusley entered**
**The houses of people**
**Which engulfs the power of man**

**And some allture less**
**people thought that**
**Themselves as the lore**

**And  these stupid**
**Guys thought**
**That their hands**
**Is above the waves**

**But now all depends**
**On god,the god**
**Who is loyal**
**Honest,kindest in the world.....**

# പ്രകൃതി

പ്രകൃതിയോടുള്ള ഒരുതരം മാനുഷികബന്ധങ്ങൾ
അറിയാത്ത മനുഷ്യൻ ഉണ്ടല്ലോ ഭൂമിയിൽ
പ്രകൃതിയെ തന്നെയും
വികൃതമാക്കുന്ന ഒരു
രീതികളോടുള്ള കാണുന്നതൊക്കെയും

ശുദ്ധമായ വായുവും വെള്ളവും
ഭക്ഷ്യവസ്തുക്കള് ഭൂമിയിൽ
മാലിന്യമല്ലമായവും മാലിന്യവുമെല്ലാം കലർത്തി
മാറ്റിമറിക്കുന്ന മനുഷ്യൻ തന്നെയും

പ്രകൃതിയും പ്രകൃതി സൃഷ്ടിച്ച
നാഥനെ ചിന്തയില്ല
ചില മനുഷ്യ സൃഷ്ടികൾ
ചെയ്യുന്ന തെറ്റിന് ആണല്ലോ ഭൂമിക്കും
ജീവജാലങ്ങൾക്ക് നാശങ്ങൾ ഒക്കെയും

adhil

# സാക്ഷി

ഇരുളിന് മറവില് ഒരു ജീവനെ
കുഴിച്ചയാൾ മറവിയിലായി ഒളിച്ചീടുന്നു
മറയും പ്രകാശത്തിൽ ഒരു നോക്ക് കാണാൻ
വന്ന നാനോ ഇതിനൊരു സാക്ഷി മാത്രം
ആരു നീ എന്ന് ചോദിക്കുവാൻ എനിക്കോ
പേടികേണ്ട് നാവ് പൊന്തില്ല താനും
ഞാൻ അലറിവിളിച്ച ജനങ്ങൾ
കയ്യോടെ പിടിച്ച ജനസമൂഹം
വെളിയിൽ പിടിച്ചെങ്കിലും അവന്ന്
സാക്ഷിയായി ഞാൻ മാത്രമേ ഉള്ളു താനും
തെളിവവൻ മറിച്ചു വമ്പിച്ച വാദം മാത്രം
വാദത്തിൽ തോറ്റ നാൻവെറുമൊരു സാക്ഷി
വിജയവും പുച്ഛവും ചേർന്ന് അവന്റെ മുഖഭാവങ്ങൾ മാറിടുന്നു
നീതികിട്ടാതെ പോയവൻ പാവം
സാക്ഷിയായി വാധിച്ച ഞാനും ഒരു പാവം
എന്തിനു സാക്ഷി ഏതിനു സാക്ഷി
സാക്ഷി വെറുമൊരു കളിപ്പോരു മാത്രം

ഹസ്ന





**വിദ്യാരംഗം പതിപ്പ്**

**മലയാള കവികാലാപനം**





**മിമിക്രി അവതരണം**



# ഞങ്ങളുടെ വായന

## ബാല്യകാലസഖി

വൈക്കംമുഹമ്മദ് ബഷീർ

വൈക്കംമുഹമ്മദ് ബഷീറിന്റെ പ്രശസ്ത കൃതിയാണ് ബാല്യകാലസഖി.ഈ കൃതി മുസ്ലീം മതങ്ങൾക്കിടയിലുള്ള ഭാഷയും ആചാരവും കാണിക്കുന്ന ഒരു കൃതിയാണ്.

ഇത് ഓരോ മതത്തിന്റെയും മാധുര്യം തുളുമ്പുന്ന ഓർമ്മകൾ നൽകുന്നു. ഇതിലെ പ്രധാന കഥാപാത്രങ്ങളാണ് മജീദും സുഹറയും. അവരുടെ ചുറ്റുപാടുകളിലുടെയാണ് കൃതി- തുടങ്ങുന്നത്.

അവരുടെ ജീവിത മുഹൂർത്തങ്ങളാണ് കൃതിക്ക്പ്രമേയ.ഏതൊരുവായനക്കാരനുമായുംസംവദി-ക്കാൻ കഴിയുന്ന അനുഭവ പരിസരവുംഅതിനുതകുന്ന ആഖ്യാനശൈലിയുമാണ് കഥാകൃത്ത് സ്വീകരിച്ചിരിക്കുന്നത്. ഇത് നല്ലൊരു കൃതിയാണ്. ഏവരുടെയും മനസ്സിലെക്ക് ആഴ്നിറങ്ങുന്ന തരത്തിലാണ് ഈ കൃതി.

ശ്രീരാഗ്.കെ

9thF



# രണ്ടാമൂഴം

*എം.ടി വാസുദേവൻ നായർ*

ജ്ഞാനപീഠ ജേതാവായ എം.ടി വാസുദേവൻ നായരുടെ വയലാർ അവാർഡ് നേടിയ നോവലാണ് "രണ്ടാമൂഴം".ഒട്ടെറെ പുരാണ ഭാഗങ്ങൾ ഈ നോവൽ ഭാഗത്തുണ്ട ്.ഏതൊരുവായനക്കാരനുമായുംസംവദി-ക്കാൻ കഴിയുന്ന അനുഭവ പരിസരവുംഅതിനുതകുന്ന ആഖ്യാനശൈലിയുമാണ് കഥാകൃത്ത് സ്വീകരിച്ചിരിക്കുന്നത ്.അതിനാൽ ഇത് വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും ഒരേ പോലെ വായിച്ചാസ്വദിക്കാൻ കഴിയുന്ന നോവലാണിത്.

'കടലിനു കറുത്തനിറമായിരുന്നു ഒരുകൊട്ടാരവും ഒരു മഹാനഗരവും വിഴുങ്ങി വിശപ്പടങ്ങാത്ത പോലെ തിരകൾ തീരത്ത് തലതല്ലി കൊണ്ടലറി അദ്ഭ്തത്തോടെ മുകളിലെക്ക് നോക്കി കൊണ്ടിരിക്കുന്നു'.ഈ വരികൾ എം.ടി യുടെ രണ്ടാമൂഴത്തിലുള്ളതാണ്.

---

Sreerag.k

## വിഷുക്കണി

**എം.ടി വാസുദേവൻ നായർ**

എം.ടി വാസുദേവൻ നായരുടെ അതി പ്രശസ്ത ചെറുകഥയാണ്'വിഷുക്കണി'.
കുട്ടിയുടെഓർമകളിലൂടെയാണ്കഥ ഇതൾവിരിയുന്നത.
അവന്റെചെറുപ്പത്തിലെകഷ്ടപ്പാടിന്റെയു ,ആഘോഷത്തിന്റെയും ,സങ്കടത്തിന്റെയും,സന്തോഷത്തിന്റെയും കാഴ്ചകളാണ് കഥയ്ക്ക്പ്കമേയം. എം.ടി ഈ സന്ദർഭങ്ങൾ വിഷുവുമായി താരതമ്യം ചെയ്യുന്നും. അവന്റെ കുടുംബം വളരെപാവപ്പെട്ടതാണ്.ആ കുടുംബത്തിന്റെ ദയനീയ അവസ്ഥ വെളിവാക്കുന്ന സന്ദർഭമാണ് 'ഒരു പടക്കം പോലും വാങ്ങാൻ കഴിവില്ലാത്ത അവസ്ഥ.





## I.D.CARD-വിതരണം

## little kite members






## ബോർഡ് ഉത്ഘാടനം

# കേരളത്തെ ഒന്നിപ്പിച്ച മഹാദുരന്തം..........

കേരളത്തെ മുഴുവൻ പിടിച്ചു കുലുക്കി കൊണ്ടാണ് ആ പേമാരി വന്നത്. എന്നാൽ ആർക്കും ഞങ്ങളെ തടുക്കാനാവില്ല എന്ന് പറഞ്ഞു കൊണ്ട് കേരള ജനത ഒറ്റ കെട്ടായ് നിന്നു. ആ പറച്ചിലിൽ പേമാരി കുറച്ച് ദിവസം അഹങ്കരിച്ച് പെയ്തു പിന്നെ അടങ്ങി. എന്നാൽ അത് അടങ്ങുമ്പോൾ കൂടെ കൊണ്ട് പോയത് കേരള ജനതയുടെ കണ്ണീരും കിനാവുമാണ്.ഏറെ ദിവസം നീണ്ടുനിന്ന മഴ ലോകമാധ്യമങ്ങളിൽ വാർത്തയായിരുന്നു. ഒരുപാട് പേരുടെ ജീവനെടുത്തും, ഒരുപാട് പേരുടെ സ്വപ്നം തകർത്തും മഴ തകർത്തു പെയ്തു. അഹങ്കാരിയും മഴ പാവപ്പെട്ടവനെയും പണക്കാരനെയും ഒരുമിപ്പിച്ച് ഒരു മനസ്സായി ഒരു പാത്രത്തിൽ ഉണ്ടും ഉറങ്ങുകയും ചെയ്തു. നാടൊന്നാകെ അവരെ സഹായിക്കുകയും ചെയ്തു.

## ലോകമെമ്പാടുമുള്ള സഹായം

ദുരന്തത്തിന്റെ വാർത്ത അറിഞ്ഞ് ലോകമെമ്പാടും സഹായം കൊണ്ട് പാഞ്ഞെത്തി. വീടും ഉറ്റവരെയും നഷ്ടപ്പെട്ടവരെ സമാധാനപ്പെടുത്തിയും അവർക്ക് വേണ്ട എല്ലാ സഹായം ചെയ്തു. ഇത് അവരുടെ മനോവിഷമം തടസ്സപ്പെടുത്തുന്ന ഘടകങ്ങളായിരുന്നു. പ്രളയം കൊണ്ട് തളർന്ന ജനങ്ങൾക്ക് ഒരും കൈത്താങ്ങായിരുന്നു. ഇത് ജാതി, മത ഭേതങ്ങളില്ലാതെയായിരുന്നു.അവർ സഹായങ്ങൾ ചെയ്തു.

ആരും പ്രതിഫലമുണ്ടെന്ന് അശിച്ചോ പ്രശംസ ഉദ്ദേശിച്ചോ ആയിരുന്നില്ല സഹായത്തിനിറങ്ങിയത്. മറിച്ച് മറ്റുള്ളവർക്ക് വേണ്ടിയായിരുന്നു.പ്രളയം വന്നപ്പോൾ ചില മനുഷ്യരിൽ അല്ലെങ്കിൽ ഭൂരിഭാഗം ആളുകളിലും മനുഷ്യത്വമുണ്ടെ ന്ന് നമ്മുക്ക് മനസ്സിലാക്കാൻ കഴിയും.

പ്രളയത്തിന് ശേഷവും ഈ സഹായപ്രവർത്തനം നിർത്തിയില്ല. വെള്ളം കയറിയ വീടുകൾ വൃത്തിയാക്കിയും ആ വീട്ടിൽ വേണ്ട എല്ലാ ഉപകരണങ്ങൾ നൽകിയും പ്രവർത്തനം തുടർന്നു. ഈ പ്രവർത്തനങ്ങൾ പ്രശംസിക്കപ്പെടേണ്ടതാണ്. നമുക്കറിയാം വെള്ളത്തിൽ

നിന്ന് കരകയറാൻ വേണ്ടി തന്റെ ശരീരം പാലമാക്കിയ യുവാവ് . ഇതെ പോല നാവികസേനാ ഉദ്യോഗസ്ഥരും,
മത്സ്യബന്ധന തൊഴിലാളികളും തുടങ്ങി ഒട്ടനവതി ജനങ്ങൾ രക്ഷാപ്രവർത്തിനായി പ്രവർത്തിച്ചു. വീടുകളിൽ കുടുങ്ങി കിടന്നവരുടെ കരച്ചിൽ കാണാൻ ഇവരൊക്കെയേ ഉണ്ടായിരുന്നുള്ളു.
അതുകൊണ്ട് ഇവരെയെല്ലാം ജനങ്ങൾ  ദൈവത്തെ പോലെയാണ് കാണുന്നത്.അവർ മാത്രമല്ല നമ്മളും.

## പ്രളയം പഠിപ്പിച്ചപാഠം

വലിയൊരു പാഠം പഠിപ്പിച്ചാണ് പ്രളയം നമ്മ വിട്ട് പിരിഞ്ഞത്.വളരെ വിലക്കൊടുത്തും അധ്വാനിച്ചും ആർഭാടമായി ഉണ്ടാക്കിയ കെട്ടിടങ്ങൾ പൊളിഞ്ഞ് വിഴുമ്പോൾ നോക്കി നിൽക്കാനെ നമ്മുക്ക് കഴിഞ്ഞുള്ളു.മാത്രമല്ല കേരളം പ്രകൃതിരമണീയമായ  സംസ്ഥാനമാണ്. മലയും കാടും തോടും പുഴയും എല്ലാം   കൊണ്ടും ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? ദുരന്ത
ത്തിൽ അധികവും നഷ്ടമുണ്ടായതും കുന്നിടിഞ്ഞും മണ്ണിടിഞ്ഞുമാണ്. അതു പോലെ വീടുകളും.

ഇതിൽ നിന്ന് പ്രളയം നമ്മ വലിയൊരു പാഠം പഠിപ്പിച്ചു. പ്രകൃതിയെ നമ്മൾ നശിപ്പിച്ചാൽ അത് നമ്മൾക്ക് തന്നെ ഭാരമാകുമെന്ന പാഠം.

## മനുഷ്യന്റെ ഒത്തൊരുമ

പ്രളയത്തിന് മുമ്പ് തന്റെ അയൽവാസികളെയും മറ്റു നാട്ടുകാരെയും അറിയാത്തവരായിരുന്നു കേരള ജനത. വലിയ വീടാണെങ്കിൽ വലിയ മതിലും അഹങ്കാരവുമായിരുന്നു. അരെയും മുന്നിൽ കൈ നീട്ടില്ല. ജാതി, മത ദേത വർഗത്തോടെ മറ്റു  ജനങ്ങളെ നോക്കികാണും. അരുമായും ബന്ധമില്ല അടുപ്പം
ഇല്ല ഇതായിരുന്നു സ്ഥിതി. എന്നാൽ  പ്രളയം വന്നപ്പോൾ ഇതെല്ലാം തുടച്ചു മാറ്റപ്പെട്ടു. എല്ലാവരും ഒരുമയോടെ ക്യാമ്പിൽ താമസിക്കുകയും  ജാതി, മത ദേതമില്ലാതെ സഹായിക്കുകയും എല്ലാവരെയും ഒരു പോലെ കാണുന്ന മനസ്സുമായിമാറി മനുഷ്യൻ.

മനുഷ്യനെ  മനുഷ്യനാക്കിതീർക്കുന്ന ഒരു ദുരന്തമായിരുന്നു പ്രളയം.

ഒരു  മനുഷ്യൻ മറ്റോരു  മനുഷ്യന്റ ദുഃഖത്തിൽ പങ്കുചേരാൻ നമ്മൾ സന്നതരാണെന്ന് ഈ പ്രളയത്തിലൂടെ നമ്മൾക്ക് മനസ്സിലായി .
മനുഷ്യത്ത്വത്വത്തിന്റെ പ്രതീകമാണ്  കേരള ജനത. മറ്റു ജനങ്ങളുടെ ദുഃഖം മനസ്സിലാക്കി പ്രവർത്തിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.
പൊതുവായുള്ള മലയാളികളുടെ മനസ്സ്  മാറി പുതിയൊരു   മനസ്സ് മലയാളികൾക്ക് ഉണ്ടാകുന്നു. അതായിരുന്നു യഥാർത്ത മനസ്സ്  1924 ൽ ഉണ്ടായ പ്രളയത്തിന് ശേഷമുള്ള വലിയൊരു പ്രളയമായിരുന്നു ഇത്.ഏകദേശം400 ആളുകളുടെ ജീവനും ധാരാളം ആളുകളുടെ വീടും നഷ്ടമായി .
പ്രളയം ഒരു ദുരന്തമായിരുന്നെങ്കിലും അത് പലരുടെയും മനസ്സ് മാറ്റിമറിച്ചു.
ഈ പ്രളയം ഒരു സന്ദേശം കൂടിയായിരുന്നു.

"ഇനിയും നമ്മുക്ക് ഒരുമിച്ച് മുന്നേറാം പ്രാർത്ഥിക്കാം".



---

**ശ്രീരാഗ്.കെ**

# All the Difference in The World

Every Sunday morning I take a light jog around a park near my home.There’s a lake located in one corner of the park.Each time I jog by this lake, I see the same elderly woman sitting at the water’s edge with a small metal cage sitting beside her.

This past Sunday my curiosity got the best of me, so I stopped jogging and walked over to her.As I got closer, I realized that the metal cage was in fact a small trap.There were three turtles, unharmed, slowly walking around the base of the trap.She had a fourth turtle in her lap that she was carefully scrubbing with a spongy brush.

“Hello,” I said.“I see you here every Sunday morning.If you don’t mind my nosiness, I’d love to know what you’re doing with these turtles.”

She smiled.“I’m cleaning off their shells,” she replied. “Anything on a turtle’s shell, like algae or scum, reduces the turtle’s ability to absorb heat and impedes its ability to swim.It can also corrode and weaken the shell over time.”

“Wow! That’s really nice of you!” I exclaimed.

She went on: “I spend a couple of hours each Sunday morning, relaxing by this lake and helping these little guys out. It’s my own strange way of making a difference.”

“But don’t most freshwater turtles live their whole lives with algae and scum hanging from their shells?” I asked.

“Yep, sadly, they do,” she replied.

I scratched my head. “Well then, don’t you think your time could be better spent? I mean, I think your efforts are kind and all, but there are fresh water turtles living in lakes all around the world. And 99% of these turtles don’t have kind people like you to help them clean off their shells. So, no offense… but how exactly are your localized efforts here truly making a difference?”

The woman giggled aloud. She then looked down at the turtle in her lap, scrubbed off the last piece of algae from its shell, and said, “Sweetie, if this little guy could talk, he’d tell you I just made all the difference in the world.”

## The Weight of the Glass

Once upon a time a psychology professor walked around on a stage while teaching stress management principles to

an auditorium filled with students. As she raised a glass of water, everyone expected they'd be asked the typical "glass half empty or glass half full" Instead, with a smile on her face, the professor asked, "How heavy is this glass of water I'm holding?"

Students shouted out answers ranging from eight ounces to a couple pounds.

She replied, "From my perspective, the absolute weight of this glass doesn't matter. It all depends on how long I hold it. If I hold it for a minute or two, it's fairly light.If I hold it for an hour straight, its weight might make my arm ache a little. If I hold it for a day straight, my arm will likely cramp up and feel completely numb and paralyzed, forcing me to drop the glass to the floor. In each case, the weight of the glass doesn't change, but the longer I hold it, the heavier it feels to me."

As the class shook their heads in Once upon a time a psychology professor walked around on a stage while teaching stress management principles to an auditorium filled with students. As she raised a glass of water, everyone expected they'd be asked the typical "glass half empty or glass half full" question. Instead, with a smile on her face, the professor asked, "How heavy is this glass of

water I'm holding?"

Students shouted out answers ranging from eight ounces to a couple pounds.

She replied, "From my perspective, the absolute weight of this glass doesn't matter.It all depends on how long I hold it. If I hold it for a minute or two, it's fairly light.If I hold it for an hour straight, its weight might make my arm ache a little. If I hold it for a day straight, my arm will likely cramp up and feel completely numb and paralyzed, forcing me to drop the glass to the floor. In each case, the weight of the glass doesn't change, but the longer I hold it, the heavier it feels to me."

As the class shook their heads in agreement, she continued, "Your stresses and worries in life are very much like this glass of water.Think about them for a while and nothing happens. Think about them a bit longer and you begin to ache a little.Think about them all day long, and you will feel completely numb and paralyzed – incapable of doing anything else until you drop them."

agreement, she continued, "Your stresses and worries in life are very much like this glass of water. Think about them for a while and nothing happens.Think about them a bit longer and you begin to ache a little. Think about them

all day long, and you will feel completely numb and paralyzed – incapable of doing anything else until you drop them.”

## **<u>Shark Bait</u>**

During a research experiment a marine biologist placed a shark into a large holding tank and then released several small bait fish into the tank.

As you would expect, the shark quickly swam around the tank, attacked and ate the smaller fish.

The marine biologist then inserted a strong piece of clear fiberglass into the tank, creating two separate partitions. She then put the shark on one side of the fiberglass and a new set of bait fish on the other.

Again, the shark quickly attacked. This time, however, the shark slammed into the fiberglass divider and bounced off. Undeterred, the shark kept repeating this behavior every few minutes to no avail.Meanwhile, the bait fish swam around unharmed in the second partition.Eventually, about an hour into the experiment, the shark gave up.

This experiment was repeated several dozen times over the

next few weeks.Each time, the shark got less aggressive and made fewer attempts to attack the bait fish, until eventually the shark got tired of hitting the fiberglass divider and simply stopped attacking altogether.

The marine biologist then removed the fiberglass divider, but the shark didn't attack. The shark was trained to believe a barrier existed between it and the bait fish, so the bait fish swam wherever they wished, free from harm.

## **Being and Breathing**

One warm evening many years ago…

After spending nearly every waking minute with Angel for eight straight days, I knew that I had to tell her just one thing. So late at night, just before she fell asleep, I whispered it in her ear. She smiled – the kind of smile that makes me smile back –and she said, "When I'm seventy-five and I think about my life and what it was like to be young, I hope that I can remember this very moment."

A few seconds later she closed her eyes and fell asleep. The room was peaceful – almost silent. All I could hear was the soft purr of her breathing. I stayed awake thinking about the time we'd spent together and all the choices in our lives that made this moment possible.And at some point, I realized that it didn't matter what we'd done or where we'd

gone.Nor did the future hold any significance.

All that mattered was the
serenity of the moment.

Just being with her and
breathing with her.



ABHIGITH JAIN

---

# MOTHER'S LOVE


**My mum, she's the best**
**from her head to**
**her toes**
**she's warm and**
**she's soft**




**smelling sweet like a rose**

## എ പി ജെ അബ്ദുൽകലാം

ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനായ ഇദ്ദേഹം 2002 മുതൽ 2007 വരെ ഇന്ത്യയുടെ രാഷ്ട്രപതിയായി. ശുഭപ്രതീക്ഷയാണ് ഒരു പരിശ്രമശാലി എന്ന് നിലയിൽ മറ്റുള്ളവർക്ക് പ്രചോദനം നൽകുന്ന തരത്തിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നു.1931 തമിഴ്നാട്ടിലെ രാമേശ്വരത്ത് ആണ് ജനിച്ചത് പാരമ്പര്യം വിവരിച്ചിട്ടുണ്ട് അഗ്നിച്ചിറകുകൾ പ്രധാന കൃതിയാണ്



## കെ ദാമോദരൻ

പ്രമുഖ പത്രപ്രവർത്തകൻ എഴുത്തുകാരനുമായിരുന്നു മയ്യനാട് ജന്മസ്ഥലം ശ്രീനാരായണ ഗുരുവിൻറെ ജീവചരിത്രത്തിനു പുറമേ ഇന്ദിരാ ഓമനാ തുടങ്ങിയ ചില നോവലുകളും ഓർക്കാപ്പുറത്ത് എന്ന കഥാസമാഹാരവും രചിച്ചിട്ടുണ്ട്



*(Name of teacher),*
*I'm happy that you're my teacher;*
*I enjoy each lesson you teach.*
*As my role model you inspire me*
*To dream and to work and to reach.*



*With your kindness you get my attention;*
*Every day you are planting a seed*
*Of curiosity and motivation*
*To know and to grow and succeed.*

**By**

***ABI _ DANISH***

# My Everything Friend

You magnify my happiness
When I am feeling glad;
You help to heal my injured heart
Whenever I am sad.

You're such a pleasure in my life;
I hope that you can see
How meaningful your friendship is;
You're a total joy to me.

# FRIENDSHIP

**A true friend is someone**
**who thinks you are**
**a good egg.....**
**Even though they know**
**you are slightly**
**cracked**



# छिप छिप अश्रु बहाने वालो।

पद्मश्री गोपालदास नीरज का जन्म 04 जनवरी 1925 को उत्तर प्रदेश के इटावा जिला के पुरावली गाँव में हुआ था। आप कॉलेज के अध्यापक थे। दर्द दिया, आसावरी, मुक्तकी आदि उनकी मुख्य्य रचनाएँ हैं। उनकी एक सुन्दर कविता है –*छिप छिप अश्रु बहानेवालो।* इस कविता में वे अपने खोए हुए अवसर पर दुखी रहनेवालों से कहते हैं कि खोए हुए अवसर के बारे में सोचकर निराश रहना उचित नहीं है। अवसर फिर आएँगे।

दूसरों से छुपाकर सदा दुखी रहनेवालों से कवि कहते हैं कि अश्रु, मोती की तरह अनमोल है। उसे व्यर्थ करना उचित नहीं है। कुछ सपनों के नष्ट होने पर जीवन का अंत नहीं होता है। जवानी की नींद अस्थिर होता है। उसी प्रकार सपना भी अस्थिर होता है। पूरे जीवन रोते रहनेवालों, अपनी कठिनाइयों को दूर करने केलिए प्रयत्न नहीं करनेवालों से कवि कहते हैं कि अपना अवसर अब भी बाकी है जैसे–सावन हर साल आते रहते हैं। जीवन रूपी माला के आशा रूपी मोती नष्ट होने से जीवन की सब समस्याएँ खतम होती हैं। अपने जीवन की सफलता केलिए आँसू को छोड़ना चाहिए। अपने अभाव पर कोसते रहनेवालों से कवि कहते हैं कि दीप बुझ जाने पर आँगन वहीं रहता है। यानी अपना अवसर सदा वहीं रहेगा। वस्त्र और चाल बदलने से जीवन के स्तर में परिवर्तन नहीं होता है। जैसे जिल्द बदलने से पोथी में, चाँद और सूरज के बारी–बारी होकर आने से घरती में, परिवर्तन नहीं होता है। खिलौना खोने से बचपन नष्ट नहीं होता है। अर्थात् अपना अवसर अब भी नष्ट नहीं हुआ है। बार–बार गगरियाँ टूटने पर भी लोग पानी लेने केलिए पनघट पर जाते हैं। कई बार किश्तियाँ डूबने पर भी लोग नाँव में चढते हैं। जीवन में खुश नहीं रहकर सदा दुखी रहनेवालों से कवि कहते हैं–पतझर से उपवन का नाश नहीं होता है। मतलब,अपने लिए अवसर रहते हैं। माली केवल उपवन के फूल तोड़ सकता है। फूल का गंन्ध ले नहीं सकता है। क्योंकि गंध अंदरलीन है। एक बार धूल का तूफान आने पर कोई खिड़की सदा केलिए बंद नहीं रखते हैं। कुछ गलती के कारण दूसरों के घृणा का पात्र बननेवालों से कवि कहते हैं कि चेहरे की नाराज़ी से दर्पण का नाश नहीं होता है। सुधार का अवसर खोया नहीं है।

कवि नीरज इस कविता में कई उदाहरणों से लोगों को यह दार्शनिक सच्चाई समझाना चाहते हैं कि असफलता से चुनौती लेकर जीवनयात्रा में आगे चलना है। इस में उन्होंने सरल और सुन्दर भाषा का प्रयोग किया है।

# ഉള്ളൂർ എസ് പരമേശ്വരയ്യർ




ഉള്ളൂർ എസ് പരമേശ്വരയ്യർ(1877 **ജൂൺ-6 1949 ജൂൺ 15.)**


**ചങ്ങനാശേരിപെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് ജനിച്ചത്.തിരുവനന്തപുരം സ്വദേശിയായ പിതാവ് സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്കൂൾ അദ്ധ്യാപകനായിരുന്നു.അമ്മ ചങ്ങനാശേരി സ്വദേശിനിയായ ഭഗവതിയമ്മ. അദ്ദേഹംപെരുന്നായിതന്നെയാണ് ബാല്യകാലം ചെലവഴിച്ചത്. അച്ഛന്റെ അകാലമരണത്തെത്തുടർന്ന് അമ്മയോടൊപ്പം അച്ഛന്റെ നാടായ ഉള്ളൂരിലേക്കു താമസം മാറി. ഉള്ളൂർ,കുമാരനശാൻ, വള്ളത്തോൾഎന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളകവിതയിൽകാല്പനിക പ്രസ്ഥാനത്തിനു തുടക്കം കുറിച്ച് ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ കവിത്രയം എന്നറിയപ്പെടുന്നു. കവി എന്നതിനു പുറമേ സാഹിത്യചരിത്രകാരൻ, ഭാഷാഗവേഷകൻ, ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ ഉള്ളൂർ പേരെടുത്തിരുന്നു.തിരുവിതാംകൂർ സർക്കാരിന്റെ ചീഫ് സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.**

**<u>शीर्षक की सार्थकता पर टिप्पणी</u>**

## नंगे पैर

'नंगे पैर' कहानी का मुख्य पात्र है ,बेबी । उस लड़की के एक पैर नहीं है । वह बैसाखियों के सहारे एक–एक कदम रखकर चलती है । वह धीरे – धीरे आकर दरवाज़ा खोलने तक नया पोस्टमैन बाहर खड़ा रहता है । बेबी ने इस बात पर ध्यान दिया कि जलती धूप में यह पोस्टमैन नंगे पैर चल रहा है । उसके पास जूता नहीं ,छाता नहीं , साइकिल नहीं । पोस्टमैन की हालत पर बेबी दुखी हो जाती है और जूता बनवाकर पोस्टमैन को देती है । कहानी में कहीं भी बेबी अपने अभाव पर रोती नहीं नज़र आ रही है । वह लोगों से मिलना चाहती है , बात करना और हँसना चाहती है ।वह पत्रिकाएँ पढ़ती है ।वह दूसरों के दुख–दर्द के बारे में सोचती है । पैर न होने पर भी वह नंगे पैर घूमनेवाले पोस्टमैन का दुख समझ लेती है ।जीवन के प्रति उसका दृष्टिकोण सकारात्मक है । यही कारण है कि कहानी की मुख्य चर्चा बेबी के पैर की न होकर पोस्टमैन के नंगे पैरों की होती है । अत: कहानी केलिए ' नंगे पैर ' शीर्षक बिलकुल उचित है ।


VILLAGE



# nअकाल में सारस

तीन बजे दिन में
आ गए वे
जब वे आए
किसीने सोचा तक नहीं था
कि ऐसे भी आ सकते हैं सारस

एक के बाद एक
वे झुंड के झुंड
धीरे-धीरे आए
धीरे-धीरे वे छा गए
सारे आसमान में
धीरे उनके क्रेंकार से भर गया
सारा का सारा शहर
वे देर तक करते रहे
शहर की परिक्रमा
देर तक छतों और बारजों पर
उनके डैनों से झरती रही
धान की सूखी
पत्तियों की गंधa

# LET US LISTEN TO THE LAMENT OF NATURE

***The invisible tears***
***…… that we fail***
***to notice***





# POSTER



SAVE ENERGY

SAVE SKY
AND PROTECT THE NATURE






READ BOOKS
GET KNOWLEDGE

SAVE WIND
SAVE ENERGY





USE CYCLE
PROTECT AIR

WALK AND
MAINTAIN YOUR
HEALTH





**SAVE WATER**
**SAVE LIFE**

**SAVE WORLD**
**SAVE YOUR SELF**





**SAVE GREEN**
**SAVE TREES**

## എന്റെ വിദ്യാലയം



സ്ക്കൂൾ അസംബ്ലി

**SCHOOL S.P.C**





സുസ്മേഷ് ചന്ദ്രോത്ത് സ്ക്കൂളിൽ വന്നപ്പോൾ

# <u>തുടിതാളം ക്യാമ്പ്</u>






# <u>S.P.C</u>







**തുടിതാളം ക്യാമ്പ് കളക്ടർ നിരീക്ഷിച്ചപ്പോൾ**



**തുടിതാളം ക്യാമ്പ്**



ഫുഡ്ബോൾ
പരിശീലനം





കായിക പ്രവർത്തന
ക്യാമ്പിൽ നിന്ന്

# അമ്മയാം ഭൂമി

മലകളും കുന്നുകളും നശിപ്പിക്കരുത്
അമ്മയാകുന്ന ഭൂമിയെ നാം വേദനിപ്പിക്കരുത്
അമ്മയാകുന്ന ഭൂമിയെ വേദനിപ്പിച്ചാൽ............

നമുക്കുംദോഷം ലഭിക്കും
പ്രകൃതിയുടെ കാവ്ചകൾ മനോഹരം
അത് നശിപ്പിച്ചു നാം വികസനത്തിന്
പുറകെ പോകരുതെ...........

ഇപ്പോൾ നടന്ന ആ ദുരന്തം
ഹോ. ഭയാനകമായ വെള്ളപ്പൊക്കം
നാം ആണ് അതിന് കാരണക്കാർ
ഇതിൽ നിന്ന് നമ്മൾ ഒരു പാഠം പഠിച്ചു.
അല്ല പ്രളയം പഠിപ്പിച്ചു.

ഭൂമിയാകുന്ന അമ്മയെ ഒരിക്കലും
നാം ദ്രോഹിക്കരുത്
നാം കാണുന്ന പ്രകൃതിയുടെ
കാഴ്ചകളും മനോഹരം

# ഭൂമിയുടെ വേദന

ആദ്യത്തെ കിരണങ്ങൾ ആഴത്തിലെൻ
ഹൃദയത്തെ കുത്തി തുളച്ചീടുന്നു
പേരാൽ മരമെ നീ എന്റെ
ഹരിതമാം ഓലക്കുട എവിടെപ്പോയി

എന്റെ ചർമ്മത്തിൽനിന്നോരു സുഖവുവില്ലെടോ
പച്ചയാം മണ്ണിന്റെ മണവുമില്ലല്ലോ
എന്റെ പുടവയാം പുഴ തകർന്നു പോയി
നേർത്തു പോയി

എന്റെ ഉടയാടിൽ പ്രഭാത കിരണങ്ങൾ
പതിപ്പിച്ചു തന്നോരു മാണിക്യ മുത്തിനെ
കണാതായി കഴിഞ്ഞു.

തുടരും

ശ്രീരാഗ് കെ

# തേൻ വരിക്ക

പ്ലാവിലിരുന്നോരു കൊച്ചു വരിക്ക
പച്ചനിറത്താൽ ആവരണം
പഴ്ത്തോ എന്ന് അറിയാൻ വേണ്ടി
അമ്മ ചക്കയിൽ കൊട്ടുന്നു

ഇല്ല മോനെ അയില്ല
അടുത്ത വാരത്തെക്കായെക്കാം
ഞാൻ അതിനെ നോക്കി നിന്നപ്പോൾ
ചക്ക അങ്ങ് വീണപ്പോൾ

പാതി പിളർന്നോരു നേരത്ത്
ചക്ക നിറഞ്ഞു മനസിലെല്ലാം
ഒരു ചുള എടുത്തു കടിച്ചു ഞാൻ
ഹായ് എന്തു രസം

ശ്രീരാഗ്:കെ

# അമ്മയാകുന്ന പ്രകൃതി

പുഴ കരയുന്നതു കണ്ടോ നീ
പുഴയെ നശിപ്പിക്കുന്ന മൃഗം നാം
പ്രകൃതിയെന്നാൽ അമ്മയാണ്
ഭൂമിയെന്നതും അമ്മ മാത്രം

ഭൂമിയെ കൊല്ലുന്ന ആളെ നീ
ഭൂമിയിൽ ഭാരം കൂട്ടുന്നഎന്നെതും
ഭൂമിയിലെ മക്കൾ കരയുന്നതു

കാണാനെന്താരു ചേലാണെ
ഭൂമിയെ കാണാനെന്താരു ചേലാണെ
പ്രകൃതിയാം കയ്യുളിൽ മോചനം
ഒർത്തു നാം കരയണം എന്നെന്നും

കുന്നിടിച്ച വയലിടിച്ച് കൊണ്ടും
ആകാശം മുട്ടുന്ന ഗോപുരം
മറുകയില്ലേ മനുഷ്യരെ നാം
ഒന്നു മറുകയില്ലേ മനുഷ്യരെ നാം.

## രക്ഷിക്കു എന്റെ അമ്മയെ

പച്ചപ്പ് നിറക്കുവാൻ

പൂക്കളില്ല.......

പച്ചയലങ്കരിക്കാൻ

പൂക്കളില്ല.......

പലതരം പലതരം

പൂക്കളില്ല.......

എങ്ങനെ കാണാന

പൂക്കളെല്ലാം

മാലിന്യമല്ലെ

പൂക്കളില്ല.......

വാഹന മാലിന്യം പാറിക്കളിക്കുന്നു

മണൽത്തരിപോലെ കെട്ടിടങ്ങൾ

തുടരും

## കുട്ടിയും തള്ളയും

### കുമാരനാശാൻ

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂക്കുരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവറ്റെ-
ന്തോണം വെളുക്കുന്നുഷസ്സായിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.

ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

ചിന്തിച്ചിളങ്കാറ്റുതൻ നിസ്വനത്താ-

ലെന്തോന്നരയ്ക്കുന്നു നീ?—ഞാനറിഞ്ഞു,

"എന്താതനാം ദേവനോതുന്നതേ ഞാ-

നെന്താകിലും ചെയ്യു"വെന്നല്ലയല്ലീ?

# മിന്നാമിനുങ്ങ്

## കുമാരനാശാൻ

ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-

ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?

വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-

ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും

വെളിച്ചമേ, വാ കിളിവാതിലൂടെ നീ,

വിളിച്ചുകേളാത്തവിധം ഗമിക്കിലാ-

മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!

പിലാവിലും തെങ്ങിലുമക്കവുങ്ങിലും

വിലോലമായ് മാവിലുമങ്ങുമിങ്ങുമേ

വിലങ്ങിടും നീ പ്രകൃതിക്കു ചാർത്തുവാൻ

നിലാവു പൂമ്പട്ടിനു പാവു നെയ്കയോ?

മിന്നങ്ങി നീ ചെന്നിട്ട, മാറണയ്ക്കുവാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രൂരുഹം
അനങ്ങിടാതങ്ങനെ നിൽപ്പി,താർക്കുമേ
മനം കൊതിക്കും മൃദുവെത്തൊടാനെടോ!

അതാ വിളങ്ങുന്ന ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി;
അതിന്നൊടൊക്കില്ലൊരു ചക്രവർത്തിത-
ന്നതിപ്രകാശം കലരും കിരീടവും.

പരന്ന വൻശാഖകൾ മേലിവറ്റയാർ-
ന്നിരുട്ടിൽ മിന്നുന്ന മരങ്ങളാകവേ;
നിരന്ന നക്ഷത്രഗണങ്ങൾ കീഴമാ-
ർന്നിരട്ടയായ് തീർന്നൊരു വിണ്ണുപോലവേ.

വിളങ്ങിയും മങ്ങിയുമൊന്നിതാ വരു-
ന്നിളങ്കതിർത്തുവൊളിയാർന്നു പൊങ്ങിയും
തളർന്നുവീണും—ചെറുതാരമൂഴിതാൻ
വളർപ്പതാമിങ്ങിതു—തള്ള വാനിലാം.

മുറിക്കകത്തായിതു! ഹാ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറയ്ക്കുള്ള കെടാവിളക്കുപോ-
ലിരിക്ക വന്നീയണിമേശമേലുമേ.

കനക്കുമുത്സാഹമൊടങ്ങുമിങ്ങും
തനിക്കു തോന്നുമ്പടിതന്നെയെങ്ങും
മിനുങ്ങിമങ്ങും ചൊടിയാർന്ന മിന്നാ-
മിനുങ്ങുമുൾപ്പൂവുമുടപ്പിറപ്പോ?

## പ്രേമസംഗീതം

## ഉള്ളൂർ എസ് പരമേശ്വരയ്യർ

ഒരൊറ്റമതമുണ്ടു -ലകി,ന്നയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം
ഭക്ത്യനുരാഗദയാദിവപുസ്സാപ്പരാത്മചൈതന്യം
പലമട്ടേന്തിപ്പാരിതിനെങ്ങും പ്രകാശമരുളുന്നു.

അതിന്നൊരരിയാം നാസ്തിക്യംതാൻ ദ്വേഷം; ലോകത്തി--
ന്നഹോ! തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം.
മാരണദേവതയാമതു മാറ്റും മണവറ പട്ടടയായ്,
മട്ടുമലർവാടിക മരുപ്പറമ്പായ്, വാനം നാരകമായ്.

പദങ്ങളന്വയമാർന്നേ വാക്യം ഭവിപ്പു സാർത്ഥകമായ്;
ശ്രുതിയും താളവുമൊത്തേ ഗാനം ശ്രോത്രസുഖം നല്കൂ.
പരാർദ്ധസംഖ്യം പരമാണുഗണം പരസ്പരം ചേരും
ശരീരമുടയോന്നല്ലീ സകലം ചരാചരഗ്രാമം?

പരാനപേക്ഷം പ്രാണിക്കമരാൻ പഴുതില്ലൊരിടത്തും;
പരൻപുമാനും പ്രകൃതിസഹായൻപ്രപഞ്ചഘടനത്തിൽ.
പേർത്തും തമ്മിൽ പൃഥ്വ്യപ്തേജോവായ്വാകാശങ്ങൾ
പിണയ്പ്പുമേന്മേൽ സൃഷ്ടിയിലീശൻ; പിരിപ്പു സംഹൃതിയിൽ

വരിഞ്ഞു നില്പൊരു സു-മമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പുസവിധത്തിൽ
മധുവ്രതത്തിനു മട്ടുമലർ വേണം മനം കുളിർപ്പിപ്പാൻ
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ

പ്രജകൾ ജഗത്തിൽ സുകൃതികൾ ജായാപതികൾ നട്ടും ശുഭമാം
പരസ്പരപ്രണയാമരതരുവിൻ ഫലപ്രകാണ്ഡങ്ങൾ
ചൂടാൻമലരും ഘനമായ്ത്തോന്നിനദോഹദകാലത്തിൽ
ചുമന്നിരിപ്പൂ ദുർഭരഗർഭം സുഖേന ജനയിത്രി

പിതാവു, മാതാ, വുടപ്പിറന്നോർ ബാന്ധവരിഷ്ടന്മാർ
പ്രേയസി, മക്കൾ, ഭുജിഷ്യർ തുടങ്ങി പ്രേമപരാധീനർ
പരിചരണോദ്യതർ പലജീവികൾതൻ പരിതഃസ്ഥിതിമൂലം
പദേപദേ നാം പ്രമുദിതർ കാണ്മൂ ഭവാബ്ധി ഗോഷ്പദമായ്

പ്രപഞ്ചമുകുരം നമ്മുടെ രൂപം പ്രതിബിംബിപ്പിപ്പൂ;
പ്രപഞ്ചകുഹരം നമ്മുടെ ശബ്ദം പ്രതിധ്വനിപ്പിപ്പൂ;
പ്രപഞ്ചമസ്മദ്വചനാമ്രേഡനപണ്ഡിതമാം കീരം
പ്രപഞ്ചമസ്മൽഭാവവിഡംബന പാടവമാർന്ന നടൻ;

പ്രപഞ്ചഭൂമിയിൽവിതച്ചവിത്തിൻ ഫലത്തെ നാം കൊയ്വൂ;
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനുപകരം.
വിളക്കു കൈവശമുള്ളവനെങ്ങും വിശ്വം ദീപമയം,
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം.

പേശലമല്ലൊരു വസ്തുവുമുലകിൽ പ്രേക്ഷകനില്ലെന്നാ,-
ലീശ്വരസൃഷ്ടിയിലെങ്ങെങ്ങില്ലീയിതരേതരയോഗം?
പദാർത്ഥനിരതൻ പ്രകൃതിജഭാവം പരസ്പരാകർഷം;
പ്രാണികുലത്തിൻ പ്രഥമാത്മഗുണം പരസ്പരപ്രേമം.

നമിക്കിലുയരാം, നടുകിൽത്തിന്നാം, നൽകുകിൽ നേടി-ടാം;
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ
മനവും മിഴിയും നാവും കരവും മന്നിൻ മാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ

പാഷാണൗഷധിപക്ഷിമൃഗാദികൾ പല പല വടിവുകളിൽ
പ്രകൃതി ലസിപ്പൂ നമുക്കു ചുറ്റും പരമോത്സവദാത്രി.
പേർത്തും നമ്മിലുമവയിലുമൊപ്പം പ്രേക്ഷിപ്പോർക്കെല്ലാം
പ്രേമാത്മാവായ് വിലസും നമ്മുടെ പിതാവിനെക്കാണാം.

ഉലകാമുത്തമവിദ്യാലയമിതിലുപകാരോപനി,ഷ-
ത്തോതിക്കോനവനുപദേശിപ്പതുമുറക്കവേ കേൾക്കാം.
ഏകോദരസോദരർ നാമേവരു,മെല്ലാജീവികളും
ലോകപടത്തിൽത്തമ്മിലിണങ്ങിടുമോതപ്രോതങ്ങൾ

അടുത്തുനില്പോരനുജരെ നോക്കാനക്ഷികളില്ലാത്തോർ--
ക്കരൂപനീശ്വരനദൃശ്യനായാലതിലെന്താശ്ചര്യം?
അഹോ! ജയിപ്പൂ ജഗദാധാരമൊരത്ഭുതദിവ്യമഹ--
സ്സഖണ്ഡമദ്വയമചിന്ത്യവൈഭവമനാദിമദ്ധ്യാന്തം.

ആഴ് വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻപുലയനിലു-
ണ്ടാദിത്യനിലുണ്ടണുകൃമിയിലുമുണ്ടതിൻ പരിസ്ഫുരണം
അരചർക്കരചനുമടിമയ്ക്കടിമയുമഭിന്നർ; ഉള്ളിലവർ--
ക്കതിൽക്കൊളുത്തിന തിരിതാ-ൻ കത്തുവതന്തഃകരണാഖ്യം.

നമോസ്തുതേ മജ്ജീവനദായക! നടേശ! പരമാത്മൻ!
നരാഖ്യമങ്ങേ നർത്തകഗണമിതിൽ ഞാനുമൊരല്പാങ്ഗം.
വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ! ഭവച്ഛിത്തം;
വിശ്വപ്രിയമായ് നടനം ചെയ്‌വതു വിധേയനെൻകൃത്യം.

അരങ്ങുലയ്ക്കാനരചൻ മതിയാമതിനു കൊഴപ്പേകാ-
നനുചരനാവാ, മണിയാടകളല്ലഭിനയമതു സിദ്ധം.
അകമേ നിലകൊണ്ടതാതുച്ചുവടുക,ളാമരുതെന്നുതിരി-
ച്ചടിയനു കാട്ടിത്തരുവോനവിടുന്നന്യർ ധരിക്കാതെ.

അതൊന്നു കാണ്മാൻ മിഴികൾ തുറന്നാലന്നിമിഷംമുതൽ ഞാ-
നരങ്ങുമണിയറയും പുകഴും മട്ടാടാനതുചതുരൻ.
പരാപരാത്മൻ! ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാണ്മൂ
ചരാചരപ്രേമാഞ്ജനമെഴുതിന ചക്ഷുസ്സില്ലാഞ്ഞാൽ?

പരസുഖമേ സുഖമെനിക്കു നിയതം, പരദുഃഖം ദുഖം;
പരമാർത്ഥത്തിൽപ്പരനും ഞാനും ഭവാനുമൊന്നല്ലീ?
ഭവാനധീനം പരമെന്നുടലും പ്രാണനും; അവ രണ്ടും
പരാർത്ഥമാക്കുക പകലും രാവും; പ്രഭോ! നമസ്കാരം!

# സൗന്ദര്യലഹരി
## ചങ്ങമ്പുഴ കൃഷ്ണപിള്ള

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാൺമൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ.
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്ര കാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!

ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗാളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!

പൂർവ്വദിങ്ങ്മുഖത്തിങ്കൽ സിന്ദൂരപൂരംപൂശി-
പ്പൂവിനെച്ചിരിപ്പിച്ചുവന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾവാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയുംസന്ധ്യാ ശ്രീയും;

വാനിലുല്ലസിച്ചിടും വാര്മതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും,ഹാ ജീവിതത്തെ മധുരിപ്പിച്ചീടുന്നു!

കുളിർത്തമണിത്തെന്നൽ സൗരഭോന്മദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവെ;
അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തന്തിരകളാൽ താളംപിടിച്ചു പാടിപ്പാടി

പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവെ;
മരന്ദം തുളുമ്പുന്ന മലരിൽ ചുറ്റും കൂടി
മുരളും തേനീച്ചകൾ പറന്നു കളിക്കവെ;

വല്ലികാനടികൾ നൽപല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവെ;
അറിയാതവരോടുകൂടി നമ്മളു,മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.

ഈ വിധം മനോഹരവസ്തുക്കളെല്ലാം നമ്മെ-
"ജ്ജീവിക്കു, ജീവിക്കു," കെന്നൽബോധിപ്പിപ്പു നിത്യം.
"നുകരു,നുകരു,മത്സൗന്ദര്യം!"-നമ്മോടിളം-
മുകുളം വികസിച്ചു നെടുവീർപ്പിട്ടോതുന്നു.

"മുറുകെ മുകർന്നീടുകോമനേ, പിന്നെപ്പിന്നെ
മറവിക്കകത്തേയ്ക്കു വീണടിയേണ്ടോരെന്നെ!"
പാടലദലാധരം പേർത്തുമുച്ചലിക്കെ,ച്ചെ-
റ്റാടലാർന്നളിയോടു പനിനീർപ്പൂവർത്ഥിപ്പൂ.

ജീവിതലഘുകാവ്യത്തിൻ പകർപ്പവകാശം
കേവലം മരണത്തിനുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും, സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീർക്കാനാവുകി, ലതേ കാമ്യം!

സായാഹ്നരാഗംപോലെ സർവ്വവും തേയാം, മായാം
പോയാലോ പോയി;-പിന്നെയൊന്നു, മില്ലെല്ലാം ശൂന്യം!
ഇന്നനാമുള്ളോ,രില്ലാത്തവരായ്ത്തീർന്നിടേണം
പിന്നാലെവരുന്നോർക്കൊരന്ധാന്വേഷണത്തിനായ്.

ഇന്നലെ,ത്തേങ്ങിത്തേങ്ങിയെന്തിനോകരഞ്ഞു ഞാ-
നിന്നിനിച്ചിരിക്കട്ടെ;- നാളെഞാനൊഴിഞ്ഞേയ്ക്കാം!
പുതുമേ, വീണ്ടും വീണ്ടും പുൽകുക ലോകത്തെ നീ
'മതി!'- യെന്നവളെക്കൊണ്ടോതിക്കാതൊരിക്കലും